159

# ജനനീതി

ജൂലായ് 2010

3.00 ക.



പോലീസ് ജനങ്ങളുടേതാണ്. ആർ ഭരിച്ചാലും പോലീസ് വേണ്ടിവരും. പോലീസിനെ ധിക്കരിക്കുന്നതും കയ്യേറ്റം ചെയ്യുന്നതും ഇന്ത്യയിൽ മാത്രം കാണുന്ന പ്രതിഭാസമാണ്. അതൊഴിവാക്കുക.

# ജ: ബാലകൃഷ്ണൻ മനുഷ്യാവകാശ കമ്മീഷന്റെ അധ്യക്ഷൻ

മേയ് 12ന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റീസായി വിരമിച്ച ജ. കെ.ജി. ബാലകൃഷ്ണനെ ഇന്ത്യയിലെ മനുഷ്യാവകാശ കമ്മീഷന്റെ അധ്യക്ഷനായി നിയമിച്ചു.

ഒരു കൊല്ലം മുമ്പ് ജ. രാജേന്ദ്ര ബാബു മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാൻ സ്ഥാനത്തുനിന്ന് റിട്ടയർ ചെയ്തശേഷം ആ തസ്തിക ഒഴിവായി കിടക്കുകയായിരുന്നു. അതിന്നുശേഷം ജ. ജി.പി. മാഥുർ കമ്മീഷന്റെ ആക്ടിങ് ചെയർമാനായി സ്ഥാനം വഹിച്ചു. മനുഷ്യാവകാശ കമ്മീഷന്റെ സേവന കാലാവധി അഞ്ചുകൊല്ലമാണ്. ജ. ബാലകൃഷ്ണന് 65 വയസ്സു പ്രായമുണ്ട്. മനുഷ്യാവകാശ കമ്മീഷന്റെ ആറാമത്തെ ചെയർമാനാണ് ജ. ബാലകൃഷ്ണൻ.

പ്രധാനമന്ത്രി, ലോകസഭാ സ്പീക്കർ, പ്രതിപക്ഷ നേതാവ് തുടങ്ങിയവരടങ്ങിയ ഒരു സമിതിയാണ് മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാന്റെ പേർ നിർദ്ദേശിക്കുന്നത്. അതനുസരിച്ച് രാഷ്ട്രപതി നിയമനം നടത്തുന്നു.

1968ൽ അഭിഭാഷകനായി സേവനമാരംഭിച്ച ബാലകൃഷ്ണൻ 1985ൽ കേരള ഹൈക്കോടതിയിൽ ജഡ്ജിയായി. 1998ൽ ഗുജറാത്തിൽ ചീഫ് ജസ്റ്റീസായി നിയമിതനായ അദ്ദേഹം 2000ൽ സുപ്രീം കോടതി ജഡ്ജിയും 2007ൽ ചീഫ് ജസ്റ്റീസുമായി.

സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി നിയമാധിഷ്ഠിതമായ ഒരു ബാധ്യതയാക്കിയതാണ് ജ. ബാലകൃഷ്ണന്റെ സുപ്രധാന വിധികളിലൊന്ന്. ദാരിദ്ര്യം മൂലം പഠിപ്പ് നിർത്തേണ്ടിവരുന്ന ഇന്ത്യയിലെ ലക്ഷോപിലക്ഷം ദരിദ്ര



ജ. കെ.ജി. ബാലകൃഷ്ണൻ

വിദ്യാർത്ഥികൾക്ക് ഈ വിധി ഒരനുഗ്രഹമായിരുന്നു.

നക്സൽ പ്രശ്നത്തെപ്പറ്റി ചോദിച്ചപ്പോൾ അത് അതിസങ്കീർണ്ണമായ ഒരു പ്രശ്നമാണെന്നായിരുന്നു ജ. ബാലകൃഷ്ണന്റെ മറുപടി. ആ പ്രദേശങ്ങളിലെ ജനങ്ങൾക്ക് വിദ്യാഭ്യാസ സൗകര്യമില്ല; റോഡില്ല; ആസ്പത്രിയില്ല. അതുപോലെത്തന്നെ ഭടന്മാരുടെ സുരക്ഷിതത്വവും നോക്കണം. അവരും മനുഷ്യരാണ്, അവരുടെ ജീവനും വിലയേറിയതാണ്. എത്ര ഭടന്മാരാണ് കൊല്ലപ്പെടുന്നത്.

ദയാഹർജികളിൽ തീരുമാനമെടുക്കാൻ കാലതാമസം വരുന്നതിനെപ്പറ്റിയുള്ള ചോദ്യത്തിന്ന് ജ. ബാലകൃഷ്ണൻ മറുപടി പറഞ്ഞില്ല. ❑



ജനനീതി

ജൂലായ് 2010
159

പത്രാധിപർ:
ടി.വി. അച്ചുതവാരിയർ

പത്രാധിപസമിതി:
കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എസ്. മനോജ്കുമാർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
ജോർജ്ജ് പുലികുത്തിയിൽ

ജനനീതി
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

## സുപ്രീം കോടതിയുടെ ഗംഭീര വിധിശേഖരത്തിലേക്ക് ഒരു മുത്തുകൂടി

താനൊരു ഇന്ത്യക്കാരനാണെന്നു പറയുന്നതിൽ ഓരോ ഭാരതീയനേയും അഭിമാനപൂരിതമാക്കുന്ന അനേകം വിധികൾ ഇന്ത്യയിലെ സുപ്രീം കോടതിയിലുണ്ടായിട്ടുണ്ട്. പക്ഷെ, കഷ്ടമെന്നു പറയട്ടെ, സുപ്രീം കോടതിപോലും അതിനൊന്നും പ്രത്യേകിച്ചൊരു വിലയും കൽപ്പിക്കുന്നില്ല. ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ പോലീസ് അനുവർത്തിക്കേണ്ട നടപടി ക്രമത്തെക്കുറിച്ച് സുപ്രീം കോടതിയിൽ നിന്നുണ്ടായ 1997ലെ വിധി പ്രസിദ്ധമാണ്. പക്ഷെ, ഇന്നേവരെ ഒരു പോലീസുകാരനും അതൊന്നും പാലിച്ചിട്ടില്ല. അതെല്ലാം പാലിച്ചിരുന്നുവെങ്കിൽ നാമിന്ന് കേൾക്കുന്ന പോലീസ് അതിക്രമങ്ങളിൽ ഒരു ശതാംശം പോലും സംഭവിക്കുമായിരുന്നില്ല. തങ്ങളുടെ മുന്നിൽ ഹാജരാക്കുന്ന പ്രതികളെ അറസ്റ്റ് ചെയ്തത് സുപ്രീം കോടതിയുടെ വിധി നിഷേധങ്ങൾ പാലിച്ചായിരുന്നുവോ എന്ന് ഏതെങ്കിലുമൊരു മജിസ്ട്രേട്ട് പോലീസിനോട് ചോദിച്ചതായും ഇന്നേവരെ കേട്ടിട്ടില്ല. ഇതൊരു ഉദാഹരണം മാത്രം. ഇതുപോലെ ആരേയും കോരിത്തരിപ്പിക്കുന്ന എത്രയോ ഗംഭീര വിധികൾ സുപ്രീം കോടതിയിൽനിന്നുണ്ടായിട്ടുണ്ട്. മിന്നൽ പിണർ പോലെ മിന്നിമറഞ്ഞുപോയിട്ടുള്ള വിധികൾ.

ഇപ്പോഴിതാ, ആ ഈടുവയ്പിലേക്ക് കൂട്ടിച്ചേർക്കാവുന്ന മറ്റൊരു വിധികൂടിയുണ്ടായിരിക്കുന്നു. പൊതുമുതൽ മോഷ്ടിച്ചവനെ, മോഷ്ടിച്ച മുതലിന്റെ വലുപ്പചെറുപ്പമൊന്നും നോക്കാതെ, പുറത്താക്കുകതന്നെ വേണമെന്നാണ് ജൂൺ ആദ്യവാരത്തിൽ സുപ്രീം കോടതി വിധിച്ചത്. മോഷ്ടിച്ച മുതലിന്റെ വലുപ്പമല്ല നോക്കേണ്ടത്, മോഷണ മനോഭാവമാണ് ശിക്ഷാർഹമാകുന്നത് എന്ന് കോടതി പറയുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ,

കട്ടവന്റെ കൈവെട്ടുകതന്നെ വേണമെന്നർത്ഥം. ഈയൊരു സന്ദേശം നമ്മുടെ ജനങ്ങൾക്കിടയിൽ വ്യാപിച്ചിരുന്നുവെങ്കിൽ, ഇന്ത്യയിലെ അഴിമതി ഒരു ശതാംശത്തിലേക്ക് ഇടിയുമായിരുന്നു!

ഒരു മെഡിക്കൽ കോളേജിന്ന് അംഗീകാരം നൽകാൻ രണ്ടുകോടി രൂപ കൈക്കോഴ വാങ്ങിയെന്ന വാർത്ത പുറത്തുവന്ന കാലത്താണ് സുപ്രീം കോടതിയിൽനിന്ന് ഈ വിധിയുണ്ടായതെന്നത് യാദൃഛികമാകാം. പട്യാലയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന്ന് അനുമതി നൽകാൻ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അധ്യക്ഷനായ കേതൻ ദേശായ് രണ്ടുകോടി രൂപ കൈക്കോഴ വാങ്ങിയെന്നാണ് കേസ്. സമീപകാലത്ത് പുറത്തുവന്ന വ്യക്തിഗതമായ ഏറ്റവും വലിയ കൈക്കോഴക്കേസാണിത്. സുപ്രീം കോടതിടെ പരിഗണനക്കുവന്നതാകട്ടെ ഒരു "ചില്ലറ" കേസാണ്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സിലെ കണ്ടക്ടർ ആർക്കോ ടിക്കറ്റ് നൽകാതെ യാത്രക്കൂലി വാങ്ങി എന്നതാണ് കേസ്. പാവപ്പെട്ട ഒരു ബസ് കണ്ടക്ടറുടെ കാര്യമാകയാലാണ് കോടതി ഇത്ര കർക്കശമായൊരു നിലപാടെടുത്തതെന്നും, ബസ് കണ്ടക്ടറുടെ സ്ഥാനത്ത് കേതൻ ദേശായിയായിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കുകയില്ലായിരുന്നുവെന്നും കരുതുന്ന ദോഷൈകദൃക്കുകളുണ്ടാകാം അതൊരു പ്രശ്നം വേറെ.

ഇന്ത്യയിൽ സാർവ്വത്രികമായി പടർന്നു പിടിച്ചിരിക്കുന്ന അഴിമതിയുടെ വ്യാപ്തി കാണുമ്പോൾ, സുപ്രീം കോടതിയുടെ വിധിപോലെയുള്ള എന്തെങ്കിലും ചില കടുത്ത ചികിത്സ അനിവാര്യമായിരിക്കുന്നുവെന്നു പറയാതിരിക്കാനാവില്ല. സുപ്രീം കോടതിയിലെ ജഡ്ജിസ്ഥാനത്തേക്ക് നോമിനേറ്റ് ചെയ്യപ്പെട്ട ഒരു ഹൈക്കോടതി ചീഫ് ജസ്റ്റീസ് തന്നെ മൂക്കോളം അഴിമതിയിൽ ആണ്ടു കിടക്കുന്നുവെന്നോർക്കുമ്പോൾ നമുക്കെന്താണൊരു ഭാവിയെന്ന് ആരും ശങ്കിച്ചുപോകും. "അമ്പു കൊള്ളാത്തവരില്ല കുരുക്കളിൽ" എന്നു പറഞ്ഞതുപോലെ ഇന്ത്യയിലെ പൊതു ജീവിതത്തിൽ ഇന്ന് അഴിമതികൾക്കതീതരായിട്ടാരുമില്ലെന്നു പറയുന്നത് ഒരു പക്ഷെ അതിശയോക്തിയാണെന്നുവരാം. ഇന്ത്യയിലെ ജഡ്ജിമാരിൽ എൺപതു ശതമാനവും അഴിമതിക്കതീതരാണെന്ന് ഒരു ചീഫ് ജസ്റ്റീസ് പറയുമ്പോൾ ജഡ്ജിമാരിൽ 20 ശതമാനമെങ്കിലും അഴിമതിക്കാരാണെന്നു സമ്മതിക്കുന്നുവെന്നാണല്ലോ അർത്ഥം.

എത്രകോടി കൈക്കോഴ വാങ്ങി എന്നതല്ല അഴിമതിയിലെ യഥാർത്ഥ പ്രശ്നമെന്ന് ഈ കേസിൽ വിധിയെഴുതിയ ജ. സി.എസ്. ചൗഹാൻ പറയുന്നു. അനർഹമായി ഒരു രൂപ വാങ്ങുന്നതും ഒരു കോടി രൂപ വാങ്ങുന്നതും ഒരുപോലെയാണ്. അഴിമതിയെന്നാൽ ചീത്തമനസ്സ് എന്നാണർത്ഥം. ഏതൊരു സാധനമായാലും ചീഞ്ഞാൽ അതിൽനിന്ന് സകലവിധ കൃമികീടങ്ങളും ദുർഗന്ധവും പുറത്തുവരും. അത് മറ്റുള്ളവയേയും നശിപ്പിക്കും. അതുകൊണ്ടുതന്നെ എല്ലാതരം അഴിമതികളേയും, കേതൻ ദേശായിയുടെ അഴിമതിയെയെന്നപോലെ ബസ്സ് കണ്ടക്ടറുടെ അഴിമതിയേയും നിർദ്ദയം നേരിട്ടേ തീരൂ. സുപ്രീം കോടതിയുടെ ഈ വിധി അതിന്നു പ്രേരകമായെങ്കിൽ ഇന്ത്യ എന്ന ഭാരതം രക്ഷപ്പെടും; അതല്ലെങ്കിൽ ഇന്ത്യ ഇന്ത്യയുടെ വഴിക്കും ഭാരതം ഭരതത്തിന്റെ വഴിക്കും പോകും. ❑





# 26കൊല്ലത്തിന്നുശേഷം വിധി; അതും രണ്ടുകൊല്ലം തടവ്!

ഇന്ത്യൻ നീതിന്യായ സംവിധാനത്തിലുള്ള വിശ്വാസത്തിന്റെ അടിത്തറയിളക്കുന്ന വിധികളിലൊന്നായിരുന്നു ഭോപ്പാൽ വിഷവാതക ദുരന്തം സംബന്ധിച്ച് ജൂൺ ഏഴിന്നുണ്ടായത്.




ഭോപ്പാൽ വാതകദുരന്തക്കേസിലുണ്ടായ വിധിയിൽ പ്രതിഷേധിച്ച്
ഭോപ്പാലിലെ കോടതിക്കുമുന്നിൽ നടന്ന പ്രകടനം

1984 ഡിസംബറിലാണ് ഭോപ്പാലിലെ യൂണിയൻ കാർബൈഡ് ഫാക്ടറിയിൽ സംഭരിച്ചിരുന്ന വിഷവാതകം ചോർന്ന് 3000 പേർ മരിച്ചത്. വിഷവാതകമേറ്റിട്ടും ഉടനെ മരിക്കാതിരുന്നവരിൽ ആയിരക്കണക്കിന്നാളുകൾ പിന്നീട് അർബുദം പോലെയുള്ള നാനാവിധ രോഗങ്ങൾക്കടിമപ്പെട്ടു മരിക്കുകയുണ്ടായി. ലോകചരിത്രത്തിലെ ഏറ്റവും ഭീകരമായ വ്യാവസായിക ദുരന്തമായി അറിയപ്പെടുന്ന ഈ അപകടത്തിനുത്തരവാദികൾ അമേരിക്കൻ യൂണിയൻ കാർബൈഡും അതിന്റെ ചെയർമാനായ വാറൻ ആൻഡേഴ്സനുമാണ്. പക്ഷെ ആൻഡേഴ്സൻ "പിടികിട്ടാപുള്ളി"യാണ്. കമ്പനിയുടെ ഇന്ത്യൻ ശാഖയാണ് പ്രതികളാക്കപ്പെട്ടിരിക്കുന്നത്. അവരാണ് ശിക്ഷിക്കപ്പെട്ടിരിക്കുന്നതും ആൻഡേഴ്സനേയോ യൂണിയൻ കാർബൈഡിനേയോ ശിക്ഷിക്കേണ്ടതുണ്ടെന്ന് അമേരിക്കക്ക് ഇതുവരെ തോന്നിയിട്ടില്ല. ഈ അപകടം സംഭവിച്ചത്

അമേരിക്കയിലായിരുന്നുവെങ്കിൽ എന്തെല്ലാം കോലാഹലങ്ങൾ ഉണ്ടാകുമായിരുന്നു. ഇന്ത്യയുടെ ദൃഷ്ടിയിൽ നിസ്സാരമാണെന്നു തോന്നുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്കുപോലും കോടാനുകോടി ഡോളർ നഷ്ടപരിഹാരം നൽകിയിട്ടുള്ള നാടാണ് അമേരിക്ക. പക്ഷെ, ഇന്ത്യക്കാരുടെ ജീവന് അമേരിക്കൻ ദൃഷ്ടിയിൽ വിലയില്ല വിഷബാധക്കിരയായവർക്ക് നമ്മുടെ സുപ്രീംകോടതി പോലും നിസ്സാര നഷ്ടപരഹാരം നൽകി കേസവസാനിപ്പിക്കുകയാണുണ്ടായത്.

26കൊല്ലം മുമ്പുണ്ടായ ദുരന്തം സംബന്ധിച്ച കേസിൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടാണിപ്പോൾ വിധി പറഞ്ഞിരിക്കുന്നത്. പരമാവധി രണ്ടു കൊല്ലത്തെ തടവാണ് പ്രതികൾക്ക് വിധിച്ചിരിക്കുന്നത്. വെറും അടിപിടി കേസിൽപോലും ജീവപര്യന്തം തടവുശിക്ഷ വിധിക്കാറുള്ളവയാണ് നമ്മുടെ കോടതികൾ. എന്നാൽ കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട കുറ്റപത്രത്തിൽ പറയുന്ന കുറ്റങ്ങൾ നിസ്സാരങ്ങളാണ്. അതുകൊണ്ട് ശിക്ഷയും ലഘുവായി. പ്രധാനമന്ത്രി ചെയ്ത തെറ്റിന്ന് പ്യൂണിനെ ശിക്ഷിക്കുന്നതുപോലെയുള്ള വിധിയാണ് ഭോപ്പാൽ കേസിൽ ഉണ്ടായിരിക്കുന്നത്.

ഈ വിധിക്കെതിരെ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും അപ്പീൽ വരുമെന്ന് ന്യായമായും പ്രതീക്ഷിക്കാം. ഇതുവരെയുള്ള അനുഭവങ്ങൾ വച്ചുപറഞ്ഞാൽ സംഭവ്യമായിട്ടുള്ളത് രണ്ടെണ്ണമാണ്. മതിയായതെളിവില്ലെന്നോ മറ്റോ പറഞ്ഞ് അപ്പീലിൽ പ്രതികളെയെല്ലാം വിട്ടയച്ചുവെന്നു വരാം. അതല്ലെങ്കിൽ, കേസ് അറ്റമില്ലാതെ നീണ്ടുപോകാം. പ്രതികളെല്ലാം കാലയവനികക്കകത്തു മറഞ്ഞിട്ടും, തീരാതെ മുന്നോട്ടു പോകുന്ന കേസുകൾ ഇന്ത്യൻ കോടതികളിൽ ഏറെയുണ്ടല്ലൊ.

ചീഫ് ജൂഡീഷ്യൽ മജിസ്ട്രേട്ട് മോഹൻ തിവാരിയാണ് കേസിൽ വിധി പറഞ്ഞതെങ്കിലും, ഈ കേസാരംഭിച്ച കാലത്ത് ഇദ്ദേഹം വക്കീൽ പണിയിൽ പോലും എത്തിയിരുന്നിരിക്കാൻ ഇടയില്ല. ഒരു ഡസനിലേറെ മജിസ്ട്രേട്ടുമാർ വിചാരണ നടത്തിയ കേസാണിത്. അവസാനം വിധി പറയേണ്ട യോഗം തിവാരിക്കുവന്നു ചേർന്നുവെന്നേയുള്ളൂ.

1987 ൽ കുറ്റപത്രം സമർപ്പിച്ച ശേഷം 19 ജഡ്ജിമാർ കേസിന്റെ വിചാരണ നടത്തി. അവസാനം വിധി പറഞ്ഞ ജഡ്ജിയായ മോഹൻ തിവാരി പോലും 2009 ഫെബ്രുവരി 21 മുതൽക്കേ കേസ് കേൾക്കുകയുണ്ടായുള്ളൂ. പ്രോസിക്യൂഷൻ ഭാഗത്തുനിന്ന 178 സാക്ഷികളെ വിസ്തരിച്ചു. മല എലിയെ പെറ്റു എന്നു പറയുന്നതുപോലെ, ഇതിന്റെയെല്ലാം അവസാനത്തിൽ ആർക്കെല്ലാമോ രണ്ടുകൊല്ലത്തെ തടവുശിക്ഷയും! അതും അന്തിമമല്ല; ഇനി ഹൈക്കോടതിയിലെ ഒരു കളി; അതുകഴിഞ്ഞാൽ ലാസ്റ്റ് റൗണ്ട് സുപ്രീം കോടതിയിൽ! ഭോപ്പാൽ ദുരന്തം സംഭവിക്കുന്ന കാലത്ത് ജനിക്കുകപോലും ചെയ്തിട്ടില്ലാത്തവരായിരിക്കും ആ കലാശക്കളിയിലെ താരങ്ങൾ! ഇതുകൊണ്ടൊക്കെ ആകെയുണ്ടായ ഒരു മെച്ചം കുറെ വക്കീൽമാർക്ക് ഉപജീവനമാർഗ്ഗമുണ്ടായി എന്നതാണ്.

ഇതങ്ങനെ ചീറ്റിപ്പോകുമെന്നു തന്നെ കരുതുക. എന്നിട്ടോ? ഈ കണ്ടതൊന്നുമല്ല ഇനി കാണാൻ പോകുന്ന കളി. പാശ്ചാത്യ ശക്തികളുടെ കയ്യിലെന്നല്ല, റഷ്യയുടെ കയ്യിൽപോലും തുരുമ്പു പിടിച്ച് നശിക്കുന്ന കുറെ അണുവൈദ്യുതി യന്ത്രങ്ങൾ കെട്ടിക്കിടപ്പുണ്ട്. അമേരിക്കയിൽ കഴിഞ്ഞ അരനൂറ്റാണ്ടിന്നിടയിൽ ഒരൊറ്റ അണുവൈദ്യുതി കേന്ദ്രം പോലും സ്ഥാപിച്ചിട്ടില്ല. അമേരിക്കയിൽ ഉപയോഗിക്കാൻ അനുമതി നൽകാത്ത പല സാധനങ്ങളും ഇന്ത്യയിലേക്ക് കയറ്റിയയച്ച് കാശുണ്ടാക്കുന്നവരാണ് അമേരിക്കക്കാർ. അങ്ങനെ കുറെ അണുവൈദ്യുതി യന്ത്രങ്ങളും ഇന്ത്യയിലേക്ക് കയറ്റിവിടാൻ അമേരിക്കക്ക് പ്ലാനുണ്ട്. അമേരിക്കക്കു മാത്രമല്ല, ഫ്രാൻസിന്നും റഷ്യക്കുമെല്ലാം ഇന്ത്യൻ സമ്പത്തിൽ കണ്ണുണ്ട്. പ്രധാനമന്ത്രി മൻമോഹൻസിങ്ങിനെ എളുപ്പത്തിൽ വളച്ചെടുക്കാമെന്ന് അമേരിക്കക്ക് അറിയാം. മൻമോഹൻ സിങ് ആരേയും പ്രതിനിധീകരിക്കുന്നില്ലെങ്കിലും ഇവിടെ നശിച്ചൊരു പാർലിമെന്റും എം.പി.മാരുമെല്ലാമുണ്ടല്ലോ. അവരെ വളച്ചെടുക്കുക അത്ര എളുപ്പമല്ല. എന്തെങ്കിലും അപകടം സംഭവിച്ച് നാടിന്റെ അയൽപക്കത്തെങ്ങാനും കാൽകുത്താനാകാത്ത സ്ഥിതി വന്നാലും 500 കോടി രൂപ തന്ന് കേസവസാനിപ്പിക്കണമെന്നാണ് നിർദ്ദേശം. പാർലിമെന്റ് ഈ നിർദ്ദേശം സ്വീകരിച്ചാൽ, പെട്ടിക്കടകൾ പോലെ നാട്ടിലുടനീളം അണുവൈദ്യുത നിലയങ്ങൾ നിലവിൽ വരും. പരമ സുരക്ഷിതമെന്നു പറഞ്ഞ് സർക്കാർ അഭിമുഖ്യത്തിൽതന്നെ സ്ഥാപിതമായിട്ടുള്ള, കളിപ്പാട്ടം പോലെയുള്ള കൊച്ചു അണു നിലയങ്ങളിൽ പോലും അപകടങ്ങൾ സംഭവിച്ചു കൊണ്ടിരിക്കേ, ആർക്കും യാതൊന്നിന്നും, ആരോടും ഒരു ഉത്തരവാദിത്വവുമില്ലാത്ത ഈ വിദേശി അണു വൈദ്യുതി കേന്ദ്രങ്ങളിൽ അപകടങ്ങൾ സംഭവിക്കാനുള്ള സാധ്യത ഏറെയാണെന്നു പറയേണ്ടതില്ലല്ലൊ. അങ്ങനെ സംഭവിച്ചാൽ, 500 കോടി രൂപ കയ്യിൽ തന്ന് അവർ ബാധ്യതകളിൽനിന്നെല്ലാം ഒഴിഞ്ഞുമാറും. അന്ന് 500 കോടി പൂപയുണ്ടായാൽ രോഗികളെ ആസ്പത്രിയിലെത്തിക്കാനുള്ള ഒരു ആംബുലൻസ് വാങ്ങാൻപോലും തികയുകയില്ല എന്ന വസ്തുത ആർ ചിന്തിക്കാനാണ്.

അമ്പതുകൊല്ലം മുമ്പ് ഒരു അവിദഗ്ധ കൂലിപ്പണിക്കാരന്റെ കൂലി ഒരു രൂപയായിരുന്നുവെങ്കിൽ ഇന്ന് അഞ്ഞൂറു രൂപക്കുപോലും ഒരു പണിക്കാരനെ കിട്ടില്ലെന്ന് ഓർക്കുക. പാർലിമെന്റ് പാസാക്കാൻ പോകുന്ന 500 കോടി രൂപക്ക് 50 കൊല്ലം കഴിഞ്ഞാൽ ഒരു കാപ്പിക്കാശിന്റെ വില പോലും ഉണ്ടാകില്ല. അതിനേക്കാളെല്ലാം പ്രധാനം അനിയന്ത്രിതമായ മാരണങ്ങളെ ക്ഷണിച്ചു വരുത്തരുത് എന്നതാണ്. ഹരിത വിപ്ലവത്തിന്റ പേരിൽ കീടനാശിനികൾ നിർമ്മിക്കാനാണ് ഭോപ്പാൽ നഗരത്തിന്റെ ഒത്ത നടുക്കുതന്നെ യൂണിയൻ കാർബൈഡ് ഫാക്ടറി സ്ഥാപിച്ചത്. ഇപ്പോൾ ഹരിത വിപ്ലവവുമില്ല, കീടനാശിനിയുമില്ല. അതേ സമയം, നഗരമധ്യത്തിൽ ടൺകണക്കിന്ന് വിഷം കെട്ടിക്കിടക്കുന്നു.

മനുഷ്യന്ന് അണുവൈദ്യുതിയില്ലെങ്കിലും ജീവിക്കാൻ കഴിയും. അണുവൈദ്യുതിയും അണ്വായുധവുമെല്ലാം ഒഴിവാക്കുന്നതാണ് സുഖവും സന്തോഷവും പ്രദാനം ചെയ്യുകയെന്ന് വിവേകശാലികളെല്ലാം പറയുന്നു. അണുവൈദ്യുതിക്കുള്ള ശ്രമം ഉണ്ടാക്കാവുന്ന വിപത്ത് നാം അമേരിക്കയിലെ ത്രീമൈൽ ഐലാൻഡിലും റഷ്യയുടെ ചെർണോബിലിലും നാം കണ്ടറിഞ്ഞതുമാണ്. മനുഷ്യന്നല്പം വിവേകമുണ്ടാക്കാൻ ഇതൊക്കെ പോരെ?

❑

# മാവോയിസത്തിന്നെതിരായ പോര് പ്രത്യശാസ്ത്രം വഴിയാകണം

**- ഡോ. ചന്ദൻ യാദവ് -**

രണ്ടുകൊല്ലം മുമ്പ് ഝാർഖണ്ഡിലൂടെ ഒരുയാത്ര നടത്തുന്നതിന്നിടയിൽ നക്ഷൽ നേതാക്കളിലൊരാളുമായി സംസാരിക്കാനിടയായി. സർക്കാരിന്നെതിരായ പോരാട്ടം നിഷ്ഫലമാകുകയേയുള്ളൂവെന്നും പാർലിമെന്ററി ജനാധിപത്യത്തിന്നു മാത്രമേ പ്രശ്നം പരിഹരിക്കാനാകൂ എന്നും അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ ഞാൻ ശ്രമിച്ചു. ഫലിച്ചില്ല. നേരെമറിച്ച് അയാൾ തികഞ്ഞ ആത്മവിശ്വാസത്തോടെ പറഞ്ഞു: ഇന്നല്ലെങ്കിൽ നാളെ ഞങ്ങൾ ജയിക്കും. ഈ ഗവർമ്മേണ്ടിനെ ഞങ്ങൾ മറിച്ചിടും.

ഛത്തീസ്ഗഡിലെ ദന്തേവാദെയിൽ ഏപ്രിൽ 6ന്ന് 76 സി.ആർ.പി. ജവാൻമാരെ കൂട്ടക്കൊല ചെയ്തതിന്റെ പിന്നിലുള്ള അന്തമില്ലായ്മയാണ് എന്നെ ഈ പഴയ സംഭാഷണം അനുസ്മരിപ്പിച്ചത്. പ്രശ്നത്തിന്റെ മൂല കാരണത്തെക്കുറിച്ചുള്ള വിവാദത്തെ സജീവമാക്കാനേ ഈ സംഭവം സഹായിച്ചിട്ടുള്ളൂ. സാമൂഹ്യ സാമ്പത്തിക വികാസത്തിന്റെ അഭാവമാണ് കാരണമെന്ന് ചിലർ വാദിക്കുന്നു. മറ്റു ചിലർ ഇതിനെ ഒരു ക്രമസമാധാന പ്രശ്നമായി കാണുന്നു. ഇതു രണ്ടും കാരണമായി കണക്കാക്കണമെന്ന് മറ്റു ചിലർ വാദിക്കുന്നു. എന്നാൽ അത്രയൊന്നും ശ്രദ്ധിക്കപ്പെടാത്ത മൂന്നാമതൊരു കാരണവുമുണ്ട്. ഈ പ്രശ്നത്തെ പ്രത്യയശാസ്ത്രപരമായി നേരിടണമെന്നതാണത്.

നാഷനൽ സ്റ്റുഡന്റ്സ് യൂണിയന്റെ പ്രവർത്തകനെന്ന നിലക്കും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകനെന്ന നിലക്കും നക്ഷലുകളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കാൻ എനിക്ക് ഏറെ സമയം കിട്ടിയിട്ടുണ്ട്. ബീഹാറിലെ ഖഗാറിയ ജില്ലയാണ് എന്റെ സ്വദേശം. ഝാർഖണ്ഡിന്റെ ചുമതലയുള്ള യൂത്ത് കോൺഗ്രസ്സുകാരനെന്ന നിലയിൽ ഞാൻ ഏതാണ്ടെല്ലാ നക്ഷൽ ബാധിത ജില്ലകളിലും സന്ദർശനം നടത്തിയിട്ടുണ്ട്. പലപ്പോഴും എനിക്കവിടെ താമസിക്കേണ്ടിവരും. നക്ഷലുകളുടെ മേഖലാ കമാൻഡർ മുതൽ സാധാരണ പ്രവർത്തകൻ വരെയുള്ള പലരുമായും എനിക്ക് ഇടപെടേണ്ടി വന്നിട്ടുണ്ട്. ഈ സംഭാഷണങ്ങളിലെല്ലാം പൊതുവായി ഉയർന്നുവന്നിട്ടുള്ള ഒരു കാര്യമുണ്ട്- അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തെപ്പറ്റി, ക്രമസമാധാനപാലനം നടത്താത്തതിനെപ്പറ്റി എല്ലാവരും പരാതി പറയുന്നു. ഭരണാധികാരികൾക്ക് ജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് ഒരു ചിന്തയുമില്ലെന്ന് അവർ പറയുന്നു.

ഉപജീവനമാർഗ്ഗം കണ്ടെത്താനാകാതെ മനം മടുത്ത ചെറുപ്പക്കാർ നക്ഷൽ പ്രത്യയശാസ്ത്രത്തിന്ന് എളുപ്പത്തിൽ വിധേയരാകുന്നു. ആയുധമെടുത്ത് പ്രസ്ഥാനത്തിന്റെ ഭാഗമായിത്തീർന്നാൽ അവരുടെ ദൈനംദിന പ്രശ്നങ്ങൾക്കെല്ലാം പരിഹാരമായി. അതോടൊപ്പം അവർ മസ്തിഷ്ക പ്രക്ഷാളനത്തിന്നു വിധേയരാകുന്നു. ഇന്നത്തെ രാഷ്ട്രീയ സംവിധാനം ജനങ്ങൾക്കെതിരാണെന്നും, അതിനെ മറിച്ചിട്ടാൽ സ്വർഗ്ഗം കൈവരുമെന്നും അവരെ വിശ്വസിപ്പിക്കുന്നു. സാധാരണ പ്രവർത്തകർക്കു പോംവഴിയൊന്നുമില്ല. ആയുധം ഉപേക്ഷിച്ച് മുഖ്യധാരയിലേക്ക് തിരിച്ചുവരണമെന്ന് ആഗ്രഹിച്ചാൽപോലും അതു സാധ്യമല്ല. അങ്ങനെ ചിന്തിക്കുന്നവർക്ക് കനത്ത ശിക്ഷ ലഭിക്കും. ചിലപ്പോൾ കൊന്നുകളയും. അതിനാൽ സാധാരണ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം നക്ഷലിസം ഉപജീവനമാർഗ്ഗത്തിന്റേതായ ഒരു പ്രശ്നമാണ്; അവസരങ്ങളുടേതായ ഒരു പ്രശ്നമാണ്.

ആദർശനിഷ്ഠയുള്ളവരുടേതായ പ്രബലമായൊരു സംഘടനയാണ് നക്ഷലിസം. ഓരോ അംഗവും പ്രത്യയശാസ്ത്രപരമായി പ്രതിജ്ഞാബദ്ധമാണ്. നന്നായി പരിശീലനം ലഭിച്ചവരാണ് എല്ലാവരും. വിവിധ പ്രശ്നങ്ങളിൽ പാർട്ടിയുടെ നിലപാട് എന്താണെന്ന് സാധാരണക്കാരായ അംഗങ്ങൾക്കുപോലും അറിയാം. ചുരുക്കി പറഞ്ഞാൽ നക്ഷലുകൾക്ക് അവരുടെ കരുത്തും പ്രചോദനവും ലഭിക്കുന്നത് പ്രത്യശാസ്ത്രത്തിൽനിന്നാണ്. മറ്റുപാർട്ടികളിലെന്നപോലെ ഭൗതികമായ നേട്ടവും രാഷ്ട്രീയമായ അവസരവാദവുമല്ല നക്ഷലുകളുടെ ശക്തി. പ്രത്യയശാസ്ത്രപരമായും ആദർശപരമായും പ്രതിബദ്ധത തെളിയിച്ചവർക്കുമാത്രമേ ഉന്നതപദവികളിലേക്ക് പ്രവേശനം ലഭിക്കൂ. പ്രത്യയശാസ്ത്രപരമായി അടിയുറപ്പുള്ളവർക്കേ അംഗത്വംപോലും ലഭിക്കൂ.

അങ്ങേയറ്റത്തെ ദാരിദ്ര്യവും അവികസിതാവസ്ഥയുമാണ് ഇത്തരം പ്രത്യയശാസ്ത്ര പ്രതിബദ്ധതയുളവാക്കുന്നത്. പുതുതായൊരാളെ അംഗമായടുത്താൽ അവർക്ക് പ്രത്യയശാസ്ത്ര പ്രതിബദ്ധത ഉറയ്ക്കുന്നതുവരെ വ്യക്തിപരമായ മേൽനോട്ടമുണ്ടാകും. അംഗങ്ങൾക്കിടയിൽ തികഞ്ഞ സമത്വമുണ്ട്. ഉന്നതപദവി എന്നു പറയുന്നത് തീരുമാനമെടുക്കുന്ന കാര്യത്തിൽ മാത്രമാണ്. മറ്റെല്ലാ കാര്യത്തിലും എല്ലാവരും സമന്മാരാണ്. ലാഘവബുദ്ധിയോടെ പറഞ്ഞാൽ എല്ലാവരും ഒരേതരം സിഗരറ്റാണ് ഉപയോഗിക്കുക.

കൗതുകകരമായൊരു കാര്യം പറയാം. നക്ഷലുകൾ, മാവോയിസ്റ്റുകൾ, അനുഭാവികൾ എന്നൊക്കെ പറയുന്നവരിൽ ഭൂരിപക്ഷംപേരും ബിരുദങ്ങൾ നേടിയിട്ടുള്ളവരാണ്. അതുമല്ല, മിക്കവരും സമ്പന്ന കുടുംബങ്ങളിൽ പിറന്നു വളർന്നവരുമാണ്. പ്രത്യശാസ്ത്രപരമായ അവരുടെ പ്രതിബദ്ധത ഉരുക്കുപോലെ ഉറച്ചതാണ്. ഒരുതരം വാദത്തിന്നും അവരുടെ ചിന്താഗതിയെ മാറ്റാനാവില്ല. കലികയറിയയവരെപ്പോലെയാണ് അവരുടെ ജീവിതം. ഇന്നത്തെ ഭരണസംവിധാനത്തേയും നേതാക്കളേയും അവർ ശത്രുക്കളായി കാണുന്നു.

നക്ഷൽ ബാധിത പ്രദേശങ്ങളിലെ എന്റെ വ്യക്തിപരമായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പറയട്ടെ, ഇതിനെ ഒരു സാമ്പത്തിക-സാമൂഹ്യ പ്രശ്നമായോ ക്രമസമാധാന പ്രശ്നമായോ മാത്രം കണ്ടാൽ പോരാ. നക്ഷലുകളെ പ്രത്യയശാസ്ത്രപരമായി നേരിടാനുള്ള മാർഗ്ഗങ്ങളും നാം ആരായണം. സാമൂഹ്യ-സാമ്പത്തിക പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കിയാലും, ക്രമസമാധാന പ്രശ്നം പരിഹരിച്ചാലും പ്രത്യയശാസ്ത്രപരമായ പ്രശ്നം ബാക്കി നിൽക്കും. നക്ഷൽ-മാവോയിസ്റ്റ് നേതാക്കളേയും അവരുടെ അനുഭാവികളേയും പ്രത്യയശാസ്ത്രപരമായി നേരിടാനും നമുക്കു കഴിയണം.

നക്ഷൽ പ്രത്യയശാസ്ത്രം പടർന്നുപിടിക്കുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് വികസനത്തിലുള്ള അസമത്വമാണെന്ന വസ്തുത ഒരാൾക്കും നിഷേധിക്കാനാവില്ല. വികസനത്തിലെ ഈ അസമത്വം വേഗംതന്നെ പരിഹരിക്കാമെന്ന് വിശ്വാസമുണ്ടെങ്കിൽ മാത്രമേ വികസനപരമായ സമീപനം വിജയിക്കൂ.

പക്ഷെ രണ്ടുകാരണങ്ങളാൽ ഇത് നടക്കില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഒന്നാമത് അവികസിതമേഖലയും അസ

രണ്ടാം ഭാഗം:

# വിവരാവകാശ നിയമം കൈവരുത്തിയ നേട്ടങ്ങൾ

- അരുണ റോയ് -

**വി**വരാവകാശ നിയമംകൊണ്ട് എന്താണ് കാര്യം? ഒന്നാമതായി ഈ നിയമപ്രകാരം ആർക്കും പോയി വിവരങ്ങൾ ചോദിച്ചറിയാം. നിങ്ങൾ ആരാണെന്നോ, എന്താണ് കാര്യമെന്നോ പറയേണ്ടതില്ല. അറിയേണ്ട വിവരത്തിന്റെ കാര്യം ഒരു കഷണം കടലാസിലെഴുതി സർക്കാർ ഓഫീസിൽ ഏൽപ്പിച്ചാൽ മതി. പത്തു രൂപയും കൊടുക്കണം. അത് മണിയോർഡറായോ മറ്റുവിധത്തിലോ നൽകാം. അതു കൊടുത്തു കഴിഞ്ഞാൽ നിങ്ങൾക്ക് ഏത് ഫയലും പരിശോധിക്കാം. ഹിന്ദു പത്രത്തിന്റെ ഒരു ലേഖകൻ ഗ്രാമീണ വികസന കാര്യാലയത്തിൽ പോയി കടലാസുകൾ പരിശോധിച്ചു. വിപ്ലവാത്മകമായ വിവരങ്ങളാണ് അദ്ദേഹം പുറത്തുകൊണ്ടുവന്നത്. പറഞ്ഞുവന്നതിതാണ്. നിങ്ങൾക്ക് ഏതാഫീസിൽ ചെന്നും ഏതു വിവരത്തിന്റെയും ഫോട്ടോ കോപ്പി വാങ്ങാം. നിങ്ങൾ ആവശ്യപ്പെട്ട വിവരം 30 ദിവസത്തിന്നകം നിങ്ങൾക്ക് കിട്ടും. തന്നില്ലെങ്കിൽ 250 രൂപ ഉദ്യോഗസ്ഥൻ സ്വന്തം പോക്കറ്റിൽനിന്നും ➡



അരുണ റോയ്

നൽകണം. അത് 25,000 രൂപവരെയാകാം. അനേകം പേരെ ഇതിന്നകം ശിക്ഷിച്ചിട്ടുണ്ട്. വികസനമന്ത്രി കാര്യാലയത്തിലെ ഒരു സീനിയർ ഡയറക്ടറും അതുപൊലെയുള്ള പല സീനിയർ ഉദ്യോഗസ്ഥന്മാരും ഇതിന്നകം പിഴ കെട്ടിയിട്ടുണ്ട്. പണം നഷ്ടപ്പെടുന്നുവെന്നതല്ല, ആത്മാഭിമാനമുള്ള ഉദ്യോഗസ്ഥന്മാർക്ക് ഇത് നാണക്കേടുകൂടിയാണ്. അതാണ് മർമ്മം. പിഴ കെട്ടാൻ വ്യവസ്ഥയില്ലായിരുന്നുവെങ്കിൽ ഒരു വിവരവും ആരും തരികയില്ലായിരുന്നു.

ഒരിക്കൽ ഒരു ധർണ്ണ നടത്തുമ്പോൾ ഒരു വക്കീൽ വന്നു പറഞ്ഞു ആ സമരം നിഷ്ഫലമാകുമെന്ന്. എന്തുകൊണ്ട് എന്നു ഞങ്ങൾ ചോദിച്ചു. കെട്ടുനാറുന്ന ഒരു സംവിധാനത്തോട് അതിന്റെ ഹൃദയമെടുത്ത് നിങ്ങളുടെ മുന്നിൽ വയ്ക്കാനാണ് നിങ്ങൾ ആവശ്യപ്പെടുന്നത്. അതു ഫലിക്കില്ല എന്നദ്ദേഹം പറഞ്ഞു. വിവരാവകാശ നിയമമുള്ളപ്പോൾ തെറ്റു ചെയ്തവർ പോലും അവരെ കുറിച്ചുള്ള വിവരം നൽകാൻ നിർബ്ബന്ധരാകും. അതിനാൽ നിയമത്തിലെ പിഴ വ്യവസ്ഥ വളരെ പ്രധാനമാണ്. വിവരം എന്നു പറഞ്ഞാൽ കടലാസിലുള്ള വിവരം മാത്രമല്ല; ഇലക്ട്രോണിക് മാധ്യമങ്ങളിലെ വിവരവും അതിൽ പെടും. വീഡിയോ, ഫിലിമും അതിൽപെടും. ഒരു റോഡ് പണി ശരിക്കു നടക്കുന്നില്ലെന്നു നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ, ആ റോഡിന്റെ ഒരു കഷ്ണം വേണമെന്ന് നിങ്ങൾക്കാവശ്യപ്പെടാം; റേഷൻ ഷാപ്പിൽ വിതരണം ചെയ്യുന്ന ധാന്യം നിങ്ങൾക്ക് പരിശോധിക്കാം അങ്ങനെ ഒട്ടേറെ കാര്യങ്ങളുണ്ട്. നിങ്ങൾക്ക് പരിശോധിക്കാൻ പാടില്ലാത്തവയുടെ പട്ടികയും അതിലുണ്ട്. നമ്മുടെ എം.എൽ.എ. മാർക്കും എം.പി. മാർക്കും കാണാവുന്നതെല്ലാം നമുക്കും കാണാം. അതായത് ഈ വിവരാവകാശ നിയമം നമ്മെ എം.എൽ.എ. മാരുടേയും എം.പി. മാരുടേയും നിലയിലേക്കുയർത്തുന്നു. വിവരാവകാശ നിയമത്തിലെ നിഷേധ പട്ടികയെക്കുറിച്ച് വലിയ വിവാദം നടന്നതായി ഞാൻ ഓർക്കുന്നു. ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനായ ഡോ. എൻ.സി. സക്സേന വന്നിട്ടു പറഞ്ഞു വെറുതെ സമയം പാഴാക്കേണ്ടെന്ന്. ഒരു എം.പി.ക്ക് കാണാവുന്നതെല്ലാം ഞങ്ങൾക്കും കാണാനവകാശമുണ്ടെന്ന് ഞങ്ങൾ മറുപടി നൽകി. കാരണം, എം.പി. എന്നത് ജനപ്രതിനിധി മാത്രമാണ്. ജനങ്ങൾക്കാണ് അധികാരം. അതുകൊണ്ട് എം.എൽ.എ. മാർക്ക് കാണാവുന്നതെല്ലാം ജനങ്ങൾക്കും കാണാമെന്ന വ്യവസ്ഥയുണ്ടാക്കി.

ഇത്തരം അധികാരം കൈവശം വന്ന സ്ഥിതിക്ക് നാം അത് ഉപയോഗിക്കണം. പക്ഷെ യഥാർത്ഥത്തിൽ ആരും ഒരപേക്ഷയും സമർപ്പിക്കുന്നില്ല. നമ്മൾ

---

മത്വവും ഭീമമാണ്; രണ്ടാമത് ജാതി, മതം, പ്രദേശം എന്നിവ തടസ്സമായി വരും. ദളിതുകൾക്കും പാവങ്ങൾക്കും ഗ്രാമത്തിലെ പൊതു കിണറ്റിൽനിന്ന് വെള്ളമെടുക്കാൻ ഇപ്പോൾ അനുമതിയുണ്ട്; പക്ഷെ ശുദ്ധജലം കിട്ടാൻ മാർഗ്ഗമില്ലെന്നതാണ് ഇപ്പോഴത്തെ പ്രശ്നം. അതുപോലെ, ഗ്രാമങ്ങളിൽ പോലും മൊബൈൽഫോൺ എത്തിയിട്ടുണ്ട്; പക്ഷെ ബ്ലാക്ക് ബെറി പോലെ അത്യാധുനിക സംവിധാനങ്ങൾ ചിലർക്ക് മാത്രമേ ഇന്ന് എത്തിപ്പിടിക്കാനാവൂ.

അതിനാൽ വികസനവും അസമത്വവും ഒരു പ്രശ്നമായി നിലനിൽക്കുകതന്നെ ചെയ്യും. ഇവ തമ്മിലുള്ള വിടവ് അടക്കാൻ ശ്രമിക്കാമെന്നേയുള്ളൂ. വികസനത്തിന്റെ അഭാവം മാത്രമാണ് നക്ഷലിസത്തിന്നു കാരണം എന്നു പറയുന്നത് മുഴുവൻ ശരിയാവില്ല. കഴിഞ്ഞ 62 കൊല്ലം കൊണ്ട് കുറെയെല്ലാം വികസനമുണ്ടായിട്ടുണ്ട്; പാവങ്ങൾക്ക് അതിന്റെ ഗുണവും ലഭിച്ചിട്ടുണ്ട്. എന്നാൽ അസമത്വത്തിന്റെ സ്വഭാവം മാറിക്കൊണ്ടിരിക്കുന്നു. അതിനാൽ നക്ഷലിസ്റ്റുകളുടെ പ്രത്യയശാസ്ത്രപരമായ മനോഭാവമാണ് അതിനെ വളർത്തിക്കൊണ്ടിരിക്കുന്നത്.

നിർഭാഗ്യകരമെന്നു പറയട്ടെ, ഇന്നത്തെ രാഷ്ട്രീയം പ്രത്യയശാസ്ത്രത്താൽ പ്രചോദിതമല്ല. ശുദ്ധ അവസരവാദത്തിന്റെ കളിക്കളമാണ് അത്. ഒരു പാർട്ടിക്കും ഒരു നേതാവിന്നും പ്രത്യയശാസ്ത്രമില്ല എന്നല്ല ഇവിടെ വിവക്ഷിക്കുന്നത്. പാർട്ടികൾ പ്രത്യയശാസ്ത്രാധിശഷഠിതമായ രാഷ്ട്രീയത്തിലേക്ക് പിന്മാറുകയും ഒരു വികസന അജണ്ട മുന്നോട്ടു വയ്ക്കുകയും വേണം. മുഖ്യധാരയിൽപെട്ട പാർട്ടികൾക്കെല്ലാം ഇതൊരു വെല്ലുവിളിയാണ്. പാർലിമെന്ററി ജനാധിപത്യം, എല്ലാമതങ്ങളോടുമുള്ള ആദരം, വൈവിധ്യത്തിലെ ഏകത്വം, സാഹോദര്യം എന്നിങ്ങനെ സ്വാതന്ത്ര്യസമരകാലത്ത് പൂർവ്വികർ വിഭാവനം ചെയ്ത ആശയങ്ങളിലധിഷ്ഠിതമാക്കണം. എന്നാൽ മാത്രമേ ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന തത്വങ്ങൾ നമുക്ക് വിജയകരമാക്കാൻ കഴിയൂ.

(ജവാഹർലാൽ നെഹ്റു യൂനിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ലേഖകൻ മുമ്പ് യൂത്ത് കോൺഗ്രസ്സിന്റെ നാഷണൽ ജനറൽ സെക്രട്ടറിയായിരുന്നു.) ❑

വെറുതെ പരാതി പറഞ്ഞുകൊണ്ടിരിക്കുന്നു. ഈ അധികാരം ഉപയോഗിക്കാൻ മടി കാണിക്കുന്നത് എന്നെപ്പോലുള്ള ഇടത്തരക്കാരാണ്. നിയമത്തിൽ ദേശരക്ഷാപരമായ കാര്യങ്ങൾ വിവരാവകാശ മിയമത്തിന്നു പുറത്താണ്. പക്ഷെ അതിന്നും ഉപാധിയുണ്ട്. അതിൽ അഴിമതിയോ മനുഷ്യാവകാശ ലംഘനമോ ഉണ്ടെങ്കിൽ നിങ്ങൾക്കതു പരിശോധിക്കാം. പൊതു താൽപര്യത്തെ മുൻനിർത്തി നിങ്ങൾക്ക് ആ വിവരം നൽകാൻ വിവരാവകാശ കമ്മീഷന്നു കൽപ്പന നൽകാം. ഇത്തരത്തിൽ നാനാവിധ വ്യവസ്ഥകൾ ഉള്ളത് ജനങ്ങൾ ഉപയോഗപ്പെടുത്തണം. സായുധ സേനാ നിയമം നിലവിലുള്ള മണിപ്പൂർ, ഛത്തീസ്ഗഡ് തുടങ്ങിയ മേഖലകളിൽ പോലും നിങ്ങൾക്ക് ഈ നിയമപ്രകാരം വിവരങ്ങൾ ആവശ്യപ്പെടാവുന്നതാണ്.

കഴിഞ്ഞ അഞ്ചു കൊല്ലംകൊണ്ട് ഈ വിവരാവകാശ നിയമം നമുക്കെന്താണ് നേടിത്തന്നത്! സർക്കാർ വിവരങ്ങൾ പുറത്തുകൊണ്ടുവരാൻ സഹായിച്ചു എന്നതിന്നു പുറമെ ഈ നിയമത്തിൽ ഒരു നാലാം വകുപ്പുണ്ട്. ഈ വകുപ്പനുസരിച്ച് സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ പണം ഉപയോഗപ്പെടുത്തുന്ന സ്ഥാപനങ്ങളിലും ഒരു ബോർഡുണ്ടാകണം. ആസ്ഥാപനത്തിലെ ഇൻഫർമേഷൻ ഓഫീസർ ആരാണെന്നും, അയാളിരിക്കുന്നത് ഏത് മുറിയിലാണെന്നും അതിൽ കാണിച്ചിരിക്കണം. സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം അതിൽ വലിയ കാര്യമില്ല. പക്ഷെ നിങ്ങളൊരു പഞ്ചായത്തോഫീസിലോ മുനിസിപ്പൽ ഓഫീസിലോ ചെല്ലുമ്പോൾ അത് അതിപ്രധാനമായിത്തീരുന്നു. ബഡ്ജറ്റ് എത്രയാണ്, എത്ര ചെലവാക്കി, എത്ര പണി ബാക്കിയുണ്ട്, എത്ര പേർ എന്തെല്ലാം ജോലിയാണ് ചെയ്യുന്നത് എത്ര ജീപ്പ്/ വണ്ടി ഓടിക്കുന്നുണ്ട് എന്നൊക്കെ അറിയാൻ ഈ നിയമം നിങ്ങളെ സഹായിക്കുന്നു.

ഈയിടെ ഒരു കലക്ടർ ദൽഹിയിലുള്ള എം.പി.ക്ക് ഫോൺ ചെയ്തു. കാര്യമിതാണ്. അവിടത്തെ ചായക്കടക്കാരൻ കലക്ടർ നടത്തിയ സർക്കീട്ടുകളുടെ വിവരമടങ്ങിയ ലോഗ്ബുക്ക് കാണാൻ അപേക്ഷിച്ചിരിക്കുന്നു. അതയാൾക്ക് കാണിച്ചു കൊടുക്കണമോ എന്നായിരുന്നു ചോദ്യം. വേണം എന്നായിരുന്നു മറുപടി. കാരണം സർക്കാർ പണംകൊണ്ടാണ് വണ്ടി ഓടിച്ചത്. റേഷൻ കിട്ടാതെ വിഷമിച്ചിരുന്ന ചിലർ വിവരാവകാശ നിയമപ്രകാരം പൊതുവിതരണത്തിന്റെ കണക്കു കാണണമെന്നു പറഞ്ഞതോടെ റേഷൻ ശരിക്കു കിട്ടിത്തുടങ്ങി. റേഷൻ ഷാപ്പിലെ രജിസ്റ്ററിൽ ഒട്ടേറെ ആളുകളുടെ പേർവിവരമുണ്ടായിരുന്നു. എന്നാൽ റേഷൻ കാർഡിൽ അതൊന്നുമില്ലായിരുന്നു. ഈ രണ്ടു രേഖകളും വച്ച് റേഷൻ കടക്കാരന്നെതിരെ ക്രിമിനൽ കേസെടുത്തു.

ഞങ്ങൾ ആസ്പത്രികളിൽ പോകും. പാവങ്ങൾക്ക് നൽകാൻ അവിടെ എന്തെല്ലാം മരുന്നുണ്ടെന്ന് പരിശോധിക്കും. സ്റ്റോക്ക് രജിസ്റ്റർ നോക്കും. ഒരിക്കൽ ഒരാളെ കണ്ടുമുട്ടി. അയാൾ ആസ്പത്രിയിലെത്തിയിട്ട് നാലു ദിവസമായെന്നു പറഞ്ഞു. മകനെ പാമ്പു കടിച്ചുവത്രെ. ഡോക്ടർ പറഞ്ഞു, പുറത്തുപോയി സീറം വാങ്ങി കൊണ്ടുവരണമെന്ന്. പക്ഷെ അവിടെ കിട്ടാനില്ല. തന്മൂലം മകനേയും കൊണ്ട് ഇരുപതു കിലോമീറ്റർ ദൂരെയുള്ള ആസ്പത്രിയിലേക്ക് പോകേണ്ടിവന്നു. അതുകൊണ്ട് ഞങ്ങൾ പോയി ആസ്പത്രിയിലെ രജിസ്റ്റർ പരിശോധിച്ചു. അതാ, അവിടെയുണ്ട് സീറം. അപ്പോൾ ഡോക്ടർ പറഞ്ഞത് ബഡായിയാണ്. പാവങ്ങൾക്ക് ഇതൊക്കെ ജീവന്മരണ പ്രശ്നമാണെന്നോർക്കണം. ആരെങ്കിലും ചോദിക്കാനും പറയാനുമില്ലെങ്കിൽ അവരെ ദ്രോഹിക്കും.



ഈയിടെ ജനിതകമാറ്റം വരുത്തിയ വഴുതിനങ്ങ കുറെ ഒച്ചപ്പാടുണ്ടാക്കിയല്ലൊ. ജനിതകമാറ്റം വരുത്തിയ വഴുതിനങ്ങ ഒരു പാർശ്വഫലവുമുണ്ടാക്കില്ലെന്നാണ് പറഞ്ഞത്. ഈ വഴുതിനങ്ങവിത്ത് ഉണ്ടാക്കുന്ന അതേ കമ്പനിയാണ് അതിന്ന് പാർശ്വഫലമുണ്ടോ എന്ന പരീക്ഷണം നടത്തിയതും. നിക്ഷിപ്ത താല്പര്യക്കാരുടെ കളികൾ നോക്കൂ. ഞങ്ങൾ ചെന്ന് വിശദ വിവരങ്ങൾ ചോദിച്ചു. ആദ്യം അവരത് തരാൻ വിസമ്മതിച്ചു. ഞങ്ങൾ അപ്പീൽ കൊടുത്തു. കുറെ വിവരങ്ങൾ ശേഖരിച്ചു. എന്റെ ചില സ്നേഹിതന്മാരോട് ചോദിച്ചപ്പോൾ, ജനിതകമാറ്റം വരുത്തിയ എന്തും നമ്മുടെ സ്വന്തം ജീനുകളെ ബാധിക്കുമെന്നറിഞ്ഞു. നമ്മുടെ സന്തതികൾക്ക് പോലും അംഗവൈകല്യം ഉണ്ടായേക്കും. അംഗവൈകല്യത്തിന്നുള്ള സാധ്യത 50 ശതമാനമാണ്. ഞങ്ങൾ അക്കാര്യം പ്രസിദ്ധീകരിച്ചു. അതോടെ പരിസ്ഥിതി കാര്യമന്ത്രി ജയറാം രമേശിന്റെമേൽ സമ്മർദ്ദം വർധിച്ചു. അദ്ദേഹം ആറോ എട്ടോ തവണ തെളിവെടുപ്പു നടത്തി. ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരുമെല്ലാം തെളിവു നൽകി. അങ്ങനെ ജനിതകമാറ്റം വരുത്തിയ വഴുതിനങ്ങ പ്രചരിപ്പിക്കുന്നത് തടഞ്ഞിട്ടു. ഇതൊരു ചെറിയ നേട്ടമൊന്നുമല്ല, വമ്പിച്ച നേട്ടം തന്നെയാണ്. ഇങ്ങനെ പോരാടാൻ സാധിച്ചത് വിവരാവകാശ നിയമം എന്ന ഒന്നുള്ളതിനാലാണ്.

ഇതിൽ ഏറ്റവും ഒടുവിലത്തേത് നമ്മുടെ ചീഫ് ജസ്റ്റീസിന്റെയാണ്. കോടതികൾ വിവരാവകാശ നിയമത്തിന്റെ പരിധിക്കു പുറത്താകണമെന്ന് ചീഫ് ജസ്റ്റീസ് വാദിക്കുന്നു. ഇതൊരു രസകരമായ വാദമാണ്. തങ്ങളൊഴിച്ച് എല്ലാവരും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരണമെന്നാണ് എല്ലാ അധികാരസ്ഥാനങ്ങളും പറയുന്നത്. അതിനാൽ ജഡ്ജിമാരും വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്ന് കേന്ദ്ര ഇൻഫർമേഷൻ കമ്മീഷൻ വിധിച്ചപ്പോൾ ചീഫ് ജസ്റ്റീസ് ക്ഷോഭിച്ചു. അങ്ങനെ സുപ്രീംകോടതി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ഹൈക്കോടതി എന്നത് സുപ്രീം കോടതിക്ക് കീഴിലാണെന്ന് ഓർക്കണം. പക്ഷെ കാര്യമുണ്ടായില്ല. ഹൈക്കോടതിയിലെ ഒരു സിങ്കിൾ ബെഞ്ച് സുപ്രീം കോടതിക്കെതിരായി വിധിച്ചു. സുപ്രീം കോടതി അതു സ്വീകരിച്ചില്ല. അവർ ഹൈക്കോടതിയുടെ ഫുൾ ബെഞ്ചിൽ അപ്പീൽ സമർപ്പിച്ചു. ഫുൾ ബെഞ്ചിന്റെ വിധിയും സുപ്രീം കോടതിക്കെതിരായിട്ടായിരുന്നു. ഇപ്പോൾ അവർ സുപ്രീം കോടതിയിൽതന്നെ അപ്പീൽ സമർപ്പിച്ചിരിക്കുകയാണ്. ഇത് സ്വാഭാവിക നീതിയുടെ ലംഘനമാണെന്ന് പറയേണ്ടതില്ല. അന്യായക്കാരനും വിധികർത്താവും ഇവിടെ സുപ്രീം കോടതി തന്നെയാണ്. സുപ്രീം കോടതിയുടെ പെരുമാറ്റം ഇങ്ങനെയൊക്കെയായാൽ നമ്മുടെ നീതിന്യായ സംവിധാനത്തെ നമുക്കെങ്ങനെ വിലയിരുത്താൻ കഴിയും? നമുക്കെല്ലാം ബുദ്ധിയുണ്ട്. ഇവിടെ പണക്കാർക്കൊരു നീതി; പാവങ്ങൾക്ക് വേറൊരു നീതി.

അങ്ങനെ വിവരാവകാശ നിയമം ഭേദഗതി ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് ചീഫ് ജസ്റ്റീസ് പ്രധാനമന്ത്രിക്ക് എഴുതി. ഗവർമ്മേണ്ടിന്റെ പേഴ്സനെൽ ഡിപ്പാർട്ടുമെന്റും അതുതന്നെ ആവശ്യപ്പെട്ടു. അപ്പോൾ ഡൽഹിയിലെ അഭിഭാഷകരായ ദമ്പതിമാർ വിവരാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് ജസ്റ്റീസിന്റെ കത്തു വേണമെന്നു പ്രധാനമന്ത്രിക്ക് അപേക്ഷ സമർപ്പിച്ചു. അപ്പോഴാണ് വിവരാവകാശ നിയമ ഭേദഗതിക്കാര്യത്തിൽ സോണിയാഗാന്ധിയും പ്രധാനമന്ത്രിയും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടെന്ന് NDTV റിപ്പോർട്ട് ചെയ്തത്. അപ്പോൾ സോണിയയുടെ കത്തിന്നും അപേക്ഷ സമർപ്പിച്ചു.

# രണ്ട് അഴിമതിക്കേസുകളും ഒരു കോടതി വിധിയും

**ഈ**യിടെ ഇന്ത്യയിലാകെ കോളിളക്കം സൃഷ്ടിച്ച ഒരു അഴിമതിക്കേസ് പുറത്തുവരികയുണ്ടായി. പട്യാലയിൽ ഒരു മെഡിക്കൽ കോളേജ് അനുവദിക്കുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ചെയർമാനായ കേതൻ ദേശായ് രണ്ടുകോടി രൂപ കൈക്കോഴ വാങ്ങിയതാണ് കേസ്. ലക്ഷങ്ങൾ കൈക്കോഴ വാങ്ങിയതിനെപ്പറ്റിയെല്ലാം നാം കേൾക്കാറുണ്ട്. പക്ഷെ, കോടികൾ കൈക്കോഴ വാങ്ങിയ കേസ് നാം അധികമൊന്നും കേട്ടിട്ടില്ല. ഒരുപക്ഷെ മറ്റു പലരുമായും പങ്കുവയ്ക്കേണ്ടതുള്ളതുകൊണ്ടാകാം സംഖ്യ വലുതായത്. അതൊക്കെ കേസിന്റെ വിചാരണ വേളയിലേ പുറത്തുവരാനിടയുള്ളൂ. ഗവർമ്മേണ്ടിന്ന് എന്തെങ്കിലുമൊക്കെ സൂചന കിട്ടിയതുകൊണ്ടാകാം, ഗവർമ്മേണ്ടിപ്പോൾ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനെ പിരിച്ചുവിട്ടിട്ടുണ്ട്. തൽക്കാലം ഒരു കൊല്ലത്തേക്ക് കാര്യങ്ങൾ നടത്താൻ ഗവർമ്മേണ്ട് ഏഴംഗങ്ങളടങ്ങിയ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുമുണ്ട്.

1934ലെ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്ടിന്നു പകരം പുതിയൊരു നിയമ നിർമ്മാണം നടത്താനാണ് ഗവർമ്മേണ്ടിന്റെ പ്ലാനെന്നു പറയുന്നു. എന്തു നിയമ നിർമ്മാണം നടത്തിയാലും ശരി, നിയമമുള്ളേടത്തോളം കാലം നിയമ ലംഘനവും അഴിമതിയും ഉണ്ടാകും. നിയമം ലംഘിക്കുന്നവരെ കഠിനമായി ശിക്ഷിക്കുമെന്ന് ഉറപ്പില്ലാത്തിടത്തോളം കാലം എന്തു നിയമമുണ്ടാക്കിയാലും പ്രത്യേകിച്ചൊരു പ്രയോജനവുമുണ്ടാകില്ല. നിയമലംഘനം നടത്തുന്നവരെ ശിക്ഷിക്കുമെന്ന് ഉറപ്പുണ്ടെങ്കിലാകട്ടെ, പുതിയൊരു നിയമത്തിന്റേയും ആവശ്യവുമില്ല. നിയമമില്ലാത്തതല്ല, നിയമപെരുപ്പമാണ് ഇന്ത്യയിലെ പ്രശ്നം.

ഇന്ത്യയിലെ മെഡിക്കൽ സർവ്വീസ് പൊതുവേയും കേരളത്തിലേത് പ്രത്യേകിച്ചും അഴിമതിയിലാണ്ടു കിടക്കുന്ന ഒന്നാണ്. കേരളത്തിലെ ഒരു മന്ത്രി വിശേഷിപ്പിച്ചതുപോലെ, ഇതിന്ന് മെഡിക്കൽ സർവ്വീസ് എന്നതിനേക്കാൾ മേടിക്കൽ സർവ്വീസ് എന്ന പേരിടുന്നതാകും ഉചിതം. നമുക്ക് യാഥാർത്ഥ്യങ്ങളെ മുഖാമുഖം നേരിടുക. ഇവിടുത്തെ രാഷ്ട്രീയ കക്ഷികൾ അവയുടെ പ്രവർത്തനം കുറുക്കു വഴികളിലൂടെ നടത്തുന്നിടത്തോളം കാലം സ്ഥിതി ഇതുതന്നെയായിരിക്കും. ഡോക്ടർമാരെ രാഷ്ട്രീയക്കാർ കറവപ്പശുക്കളായി കാണുമ്പോൾ, ആ പശുക്കൾ മേച്ചിൽപുറം തേടി പോകുന്നത് സ്വാഭാവികമാണ്.

ഡോക്ടർമാർ ഔഷധ നിർമ്മാണ ശാലക്കാരിൽനിന്ന് യാതൊരു വിധ ➡

---

സോണിയ പറയുന്നൂ നിയമം ഭേദഗതി ചെയ്യേണ്ട നടപ്പിലാക്കിയാൽ മതിയെന്ന്. പ്രധാനമന്ത്രി പറയുന്നു ഭേദഗതി വേണമെന്ന്. നിസ്സാരമായ, ശല്യപ്പെടുത്താനുള്ള, ചോദ്യങ്ങൾ ഒഴിവാക്കാനാണത്രെ ഭേദഗതി. ഒരപേക്ഷ നിസ്സാരമാണോ ശല്യപ്പെടുത്താനുള്ളതാണോ എന്ന് ആര് തീരുമാനിക്കും? ഗുജറാത്തിൽ വേട്ടയാടപ്പെട്ട ഒരു മുസ്ലീം ചില വിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഒരപേക്ഷ സമർപ്പിച്ചാൽ അത് നിസ്സാരമോ ശല്യപ്പെടുത്താനുള്ളതോ ആണെന്ന് അധികൃതർ പറയില്ലെ? (തുടരും) ❑





കേതൻ ദേശായ്

സൗജന്യവും സ്വീകരിക്കരുതെന്ന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എത്ര പേർ ഈ നിയമത്തെ മാനിക്കുന്നുണ്ട്? കേരളത്തിലെ ഡോക്ടർമാരുടെ വാർഷിക സമ്മേളനത്തിന്റെ ചെലവത്രയും ചില ഔഷധ നിർമ്മാണശാലക്കാരാണ് വഹിച്ചതെന്ന് കഴിഞ്ഞ കൊല്ലം റിപ്പോർട്ടുണ്ടായിരുന്നു. പിന്നെ അനക്കമൊന്നുമുണ്ടായില്ല. മൗനം വിദ്വാന്ന് ഭൂഷണം എന്നാണല്ലൊ ചൊല്ല്.

മുംബായിലെ രണ്ടു കമ്പനിക്കാരും ഹൈദരാബാദിലെ ഒരു കമ്പനിയും നടത്തിയ നിയമലംഘനങ്ങളുടെ വിവരം മേയ് 31ലെ "ഔട്ട്ലുക്കി"ൽ ചേർത്തിട്ടുണ്ട്. നിയമലംഘനം തടയേണ്ടവർതന്നെ നിയമലംഘകരാകുന്ന ഒരു നാട്ടിൽ ഇതൊന്നും അത്ഭുതകരമല്ല. ഇവിടെ നിയമം പാലിക്കുന്നവർ വിഡ്ഢികളായി മുദ്രയടിക്കപ്പെടുന്നു.

അതേസമയം, നിസ്സാരമെന്നു പറയാവുന്ന ഒരു അഴിമതി കാണിച്ച ഒരാളെ സുപ്രീം കോടതി കഠിനമായ ശിക്ഷക്ക് വിധേയനാക്കുകയുണ്ടായി. അഴിമതികളെ സാരമായവയെന്നും നിസ്സാരമായവയെന്നും വേർതിരിക്കാനാവില്ലെന്നാണ് സുപ്രീം കോടതി പറഞ്ഞത്. കോടതി പറഞ്ഞത് തീർത്തും ശരിയാണ്. അതിൽ ന്യായമുണ്ട്; യുക്തിയുമുണ്ട്.

കേസിതാണ്: ഉത്തരപ്രദേശ് റോഡ് ട്രാൻസ്പോർട്ട് കോർപറേഷന്റെ ഒരു ബസ്സിൽ യാത്ര ചെയ്തവരിൽ ചിലരിൽനിന്ന് യാത്രക്കൂലി വാങ്ങിയെങ്കിലും അവർക്ക് ടിക്കറ്റ് നൽകിയില്ല. ടിക്കറ്റ് പരിശോധകൻ അതു പിടികൂടി. കോർപറേഷനാകട്ടെ അയാളെ കയ്യോടെ ഡിസ്മിസ് ചെയ്തു. ലേബർ കോടതി അത് ശരിവച്ചു.

ഇതിനെത്തുടർന്ന് ബസ് കണ്ടക്ടർ അല്ലാഹാബാദ് ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. ഈയിടെ യു.പി.യെ വിഭജിക്കുകയും ഉത്തരഖണ്ഡ് എന്നൊരു പുതിയ സംസ്ഥാനം രൂപീകരിക്കുകയും ചെയ്തപ്പോൾ ബസ് കണ്ടക്ടറുടെ കേസ് ഉത്തരഖണ്ഡ് ഹൈക്കോടതിയിലേക്ക് മാറ്റി. ഉത്തരഖണ്ഡ് ഹൈക്കോടതി ബസ് കണ്ടക്ടറുടെ അപ്പീൽ അനുവദിക്കുകയും അയാളെ കർവ്വീസിൽ തിരിച്ചെടുക്കാൻ കല്പിക്കുകയും ചെയ്തു. ഇതിന്നെതിരായി സുപ്രീം കോടതിയിൽ സമർപ്പിക്കപ്പെട്ട അപ്പീൽ അനുവദിച്ചുകൊണ്ടുള്ളതാണ് ഒടുവിലത്തെ വിധി. സുപ്രീം കോടതിയുടെ വിധിയിൽ രണ്ടു ന്യായങ്ങളാണ് പറഞ്ഞിട്ടുള്ളത്.

1. കണ്ടക്ടറെ സർവ്വീസിൽ തിരിച്ചെടുക്കാനുള്ള ഹൈക്കോടതി വിധിയിൽ അതിന്റെ കാര്യം-കാരണങ്ങൾ പറഞ്ഞിട്ടില്ല. തന്മൂലം ഹൈക്കോടതി വിധി അസാധുവാണ്.

2. അഴിമതിയിൽ ഉൾപ്പെട്ട സംഖ്യ ചെറുതാണോ വലുതാണോ എന്നത് പ്രശ്നമല്ല. അഴിമതിയാണെങ്കിൽ ശിക്ഷ തീർച്ച. ❑

# ഈ മനുഷ്യനെ ഓർക്കുന്നുണ്ടോ?

**- സുധ ഭരദ്വാജ് -**

സംഭവം നടന്നത് 1991ലാണ്. സെപ്തംബർ 28 പൊട്ടിവിടരുന്നതേയുള്ളൂ. ഭിലായ് എന്ന ഉരുക്കു നഗരത്തിന്റെ പരിസരങ്ങളിൽ വെടിപൊട്ടി ഒന്നല്ല; ആറു വെടി. ഉറക്കത്തിൽ ആണ്ടു കിടന്നിരുന്ന ശങ്കർ ഗുഹ നിയോഗി എന്ന ട്രേഡ് യൂണിയൻ നേതാവ് കഥാവശേഷനായി.

അന്നു ഛത്തീസ്ഗഡില്ല; മാവോയിസവുമില്ല. മധ്യപ്രദേശ് സംസ്ഥാനത്തിന്റെ കിഴക്കെ അറ്റത്തു കിടക്കുന്ന കാട്ടുപ്രദേശത്താണ് ഭിലായി ഉരുക്കു നിർമ്മാണശാല പടുത്തുയർത്തിയിരിക്കുന്നത്. ഒരു വൻകിട ഫാക്ടറി സ്ഥാപിതമാകുമ്പോൾ, അതിനെ ചുറ്റിപ്പറ്റി ഒട്ടേറെ വ്യവസായശാലകൾ വളർന്നുവരുന്നത് സ്വാഭാവികമാണ്. വാസ്തവത്തിൽ ഭിലായ് ഉരുക്കു നിർമ്മാണശാലയെന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ ചോരയും നീരും ഊറ്റിക്കുടിച്ച് കൊഴുത്ത് തടിക്കുന്ന സ്വകാര്യ മേഖലാസ്ഥാപനങ്ങളാണിവ. ഉർള എന്ന സ്ഥലത്തുനിന്ന് ഭിലായ് വഴി തെദ്രേസ വരെയുള്ള എഴുപത്തഞ്ചു കിലോമീറ്റർ പ്രദേശത്താകെ ഇത്തരം സ്വകാര്യ ഫാക്ടറികൾ സ്ഥാപിതമായിരുന്നു.

അറ്റമില്ലാത്തത്ര പ്രകൃതി വിഭവങ്ങളുണ്ടെന്നതാണ് മധ്യേന്ത്യയുടെ പ്രത്യേകത. ഈ സമ്പത്തിന്റെ സിരാകേന്ദ്രമാണ് ഛത്തീസ്ഗഡ്. ഒരുപക്ഷെ ഈ ലോകത്തിന്നു മുഴുവൻ വേണ്ടത്ര കൽക്കരി അവിടെ ഭൂമിക്കടിയിലുണ്ട്. അതുപോലെ എടുത്താൽ തീരാത്തത്ര ഇരുമ്പയിരും അവിടെയുണ്ട്. ആ മണ്ണിനുമുകളിലാകെ കാടാണ്. കാട്ടിൽ കാട്ടുമൃഗങ്ങളെപ്പോലെ ജീവിക്കുന്ന ആദിവാസികളുമുണ്ട്.

കൽക്കരിയും ഇരുമ്പയിരും മണ്ണിന്നടിയിലാണ്. ആദിവാസികളെ തല്ലിയോടിച്ചാലേ കൽക്കരിയും ഇരുമ്പയിരും കുഴിച്ചെടുക്കാൻ പറ്റൂ. തോക്കും ലാത്തിയുമായി സർക്കാർ സംവിധാനം ഉരുണ്ടുരുണ്ട് വരുമ്പോൾ ആദിവാസികൾക്ക് ഓടി രക്ഷപ്പെടുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് അലയുന്ന ആദിവാസികളെ സ്വകാര്യ മേഖലക്കാർ റാഞ്ചിയെടുക്കുന്നു. നിസ്സാര വേതനത്തിന്ന് പോത്തുപോലെ പണിയെടുക്കാൻ ഏറ്റവും നല്ലത് ആദിവാസികളാണെന്ന് സ്വകാര്യമേഖലക്കാർക്ക് അറിയാം. ആദിവാസികൾക്ക് നൽകുന്ന നിസ്സാര കൂലി പോലും മദ്യഷാപ്പ് വഴി തിരിച്ചു പിടിക്കാനും മുതലാളിമാർക്കറിയാം.

ബംഗാളിൽനിന്നെത്തിയ നിയോഗി 1961 ൽ ഭിലായി ഉരുക്കു നിർമ്മാണ ശാലയിലെ കൽക്കരി ചൂളയിലെ ഒരു ജീവനക്കാരനായിട്ടാണ് ജീവിതമാരംഭിച്ചത്. അദ്ദേഹം അവിടെ തൊഴിലാളികളെ സംഘടിപ്പിക്കാൻ ആരംഭിച്ചു. ചീന ഇന്ത്യയുടെ നേരെ ആക്രമണം നടത്തിയ കാലഘട്ടമാണ് അത്. കമ്യൂണിസ്റ്റാണെന്നു പറഞ്ഞാൽ ആരേയും ഡിസ്മിസ്സ് ചെയ്യാം. നിയോഗിയുടെ കാര്യത്തിലും അതാണുണ്ടായത്. ഭിലായ് ഉരുക്കു നിർമ്മാണശാലയുടെ സുരക്ഷിതത്വത്തിന്ന് നിയോഗി ഒരു ഭീഷണിയാണെന്നു പറഞ്ഞ് അദ്ദേഹത്തെ ഡിസ്മിസ്സ് ചെയ്തു. പിന്നെ പതിനഞ്ചുകൊല്ലക്കാലം അദ്ദേഹം ഗ്രാമീണർക്കിടയിൽ ജീവിച്ചു. ഉപജീവനമാർഗ്ഗമെന്ന നിലയിൽ അദ്ദേഹം ആടുകളെ വളർത്തി. പക്ഷെ പോലീസ് രേഖപ്രകാരം നിയോഗി അണ്ടർ ഗ്രൗണ്ടിലായിരുന്നു.



ശങ്കർ ഗുഹ നിയോഗി

ഇക്കാലത്ത് അദ്ദേഹം ജനങ്ങളുടെ ജീവിതാവസ്ഥ കണ്ടുപിടിച്ചു. ക്ഷാമകാലമായിരുന്നു അത്. ധാന്യങ്ങൾ പൂഴ്ത്തിവയ്ക്കുന്നവർക്കെതിരെ നിയോഗി ജനകീയസമരങ്ങൾ സംഘടിപ്പിച്ചു; അഴിമതിക്കാരായ പഞ്ചായത്തുകാർക്കെതിരെ ജനങ്ങളെ നയിച്ചു; മതത്തിന്റെ പേരിൽ ജനങ്ങളെ ചൂഷണം ചെയ്യുന്നവരെ അദ്ദേഹം തുറന്നുകാട്ടി. ഇതെല്ലാം ജനങ്ങളുടെ സ്നേഹാദരങ്ങൾക്ക് അദ്ദേഹത്തെ പാത്രമാക്കി. ഒടുവിൽ അദ്ദേഹം ഭിലായി ഉരുക്കു നിർമ്മാണശാലയുടെ നിയന്ത്രണത്തിലുള്ള ദാനിത്തോല ഖനിയുടെ പരിസരങ്ങളിൽ താമസമാക്കി. ഖനിയിൽ പണിയെടുത്തിരുന്ന നിയോഗി അവിടത്തെ തൊഴിലാളികളെ സംഘടിപ്പിച്ചു. ഇതാണ് പിന്നീട് ഛത്തീസ്ഗഡ് മൈൻ ശ്രമിക് സംഘം (ഛത്തീസ്ഗഡ് ഖനി തൊഴിലാളി സംഘം) എന്ന പേരിൽ പടർന്നു പന്തലിച്ചത്. ഈ ഖനിയിൽ നിയോഗിയോടൊപ്പം പണിയെടുത്തിരുന്ന ആശ എന്ന ആദിവാസി യുവതിയെ അദ്ദേഹം വിവാഹം കഴിച്ചതും ഈ അവസരത്തിലാണ്.

അടിയന്തരാവസ്ഥക്കാലത്ത് നിയോഗിയും തടവിലായിരുന്നു. അടിയന്തരാവസ്ഥക്കുശേഷം ജയിൽവിമുക്തനായ നിയോഗിയെ ഡല്ലി-രാജ്ഹാര മേഖലയിലെ തൊഴിലാളികൾ ക്ഷണിച്ചുകൊണ്ടുപോയി. ഈ തൊഴിലാളികൾ താമസ സൗകര്യത്തിന്നായി സമരം നടത്തി വരികയായിരുന്നു. തൊഴിലാളികളെ മൃഗീയമായി അടിച്ചമർത്താനാണ് ഗവർമ്മേണ്ട് മുതിർന്നത്. ഒരു സ്ത്രീയും എട്ടു വയസ്സുള്ള ഒരു കുട്ടിയുമടക്കം 11 പേർ അന്ന് പോലീസിന്റെ വെടിവയ്പിൽ കൊല്ലപ്പെട്ടു. 1981 ൽ ദേശീയ സുരക്ഷിതത്വ നിയമപ്രകാരം നിയോഗി ജയിലിലടക്കപ്പെട്ടുവെങ്കിലും നിയോഗിയുടെ തൊഴിലാളി സംഘടന ഛത്തീസ്ഗഡിലാകെ പടർന്നു പിടിച്ചു. അതോടെ തൊഴിലാളികൾക്കു പുറമെ സാധാരണക്കാരേയും ഉൾപ്പെടുത്തിക്കൊണ്ട് ഛത്തീസ് ഗഡ് മുക്തി മോർച്ച എന്ന സംഘടന രൂപം കൊണ്ടു.

പ്രത്യയശാസ്ത്രപരമായ വീക്ഷാഗതിയും ജനജീവിതം സമൂലം പുന:സംഘടിപ്പിക്കുന്നതിന്നുള്ള പ്രതിബദ്ധതയുമായിരുന്നു മോർച്ചയുടെ പ്രത്യേകതകൾ. ഇത് സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ

---

3. ശിക്ഷ കുറ്റത്തിന്ന് ആനുപാതികമാകണമെന്ന വാദം സ്വീകാര്യമല്ല. അഴിമതി കാണിച്ചവൻ പുറത്താക്കപ്പെടുകതന്നെ വേണം.

സുപ്രീം കോടതിയുടെ ഈ വിധിയിൽ ന്യായമുണ്ട്; യുക്തിയുമുണ്ട്. ഇത് എല്ലാവർക്കും ബാധകമാകുമോ എന്നതാണ് അറിയേണ്ടതായിട്ടുള്ളത്. ഇന്ത്യയിൽ ദിവസേന നൂറുകണക്കിന്ന് അഴിമതികൾ നടക്കുന്നുണ്ടെന്ന് എല്ലാവർക്കും അറിയാം. അഴിമതി കുറ്റത്തിന്ന് ശിക്ഷിക്കപ്പെടുന്നവർക്കെല്ലാം സുപ്രീം കോടതിയുടെ ഈ മാനദണ്ഡം ബാധകമാക്കുമോ? ❑

പുതിയൊരു കർമ്മപരിപാടിക്കു കാരണമായി.

ഭിലായി ഉരുക്കുനിർമ്മാണശാലയുടെ സ്വന്തം ഖനികളിൽ പണയെടുക്കാനുള്ള തൊഴിലാളികളെ കോൺട്രാക്ടർ മുഖേന യാണ് കൊണ്ടുവന്നിരുന്നത്. ഈ കോൺട്രാക്ടർമാർ തൊഴിലാളികൾക്കുള്ള വേതനത്തിൽ വലിയൊരു ഭാഗം സ്വന്തം പോക്കറ്റിലാക്കുമായിരുന്നു. നിയോഗി ഈ കരാർ സമ്പ്രദായത്തിന്നെതിരായി തൊഴിലാളികളെ സംഘടിപ്പിച്ച് സമരം നടത്തി.

യന്ത്രവൽക്കരണത്തിലൂടെ, തൊഴിലാളികളുടെ കരുത്ത് നശിപ്പിക്കാൻ ഉരുക്കുനിർമ്മാണശാലക്കാർ ശ്രമം നടത്തി. നിയോഗി അതിന്നെതിരെ തൊഴിലാളികളെ സംഘടിപ്പിച്ച് ആ നീക്കത്തെ നിഷ്ഫലമാക്കി.

മറ്റെവിടെയുമെന്നപോലെ, തൊഴിലാളികൾ അവർക്ക് കിട്ടുന്ന കൂലിയിലധികവും കള്ളുഷാപ്പിൽ ചെലവാക്കുന്ന രീതി ഛത്തീസ്ഗഡിലുമുണ്ടായിരുന്നു. ഇതിന്നെതിരായി ഒരു പരിഷ്ക്കരണ പ്രസ്ഥാനം നിയോഗി ആരംഭിച്ചു. തന്മൂലം 5000 പേരെങ്കിലും മദ്യപാനം നിർത്തിയതായിട്ടാണ് കണക്കാക്കപ്പെടുന്നത്.

ഭിലായ് ഉരുക്കു നിർമ്മാണശാലയുമായി ബന്ധപ്പെട്ട നൂറോളം അനുബന്ധ വ്യവസായ ശാലകളുണ്ട്. ഇവയിലാകെ 25,000 കരാർ തൊഴിലാളികൾ പണിയെടുക്കുന്നു. നിയോഗിയും മോർച്ചയും 1990 ൽ ഈ കരാർ തൊഴിലാളികളെ സംഘടിപ്പിക്കാൻ തുടങ്ങിയതാണ് മുതലാളിമാരെ പ്രകോപിപ്പിച്ചത്. സിംപ്ലക്സ്, കേഡിയ തുടങ്ങിയ വൻകിട ബിസിനസ്സ് സ്ഥാപനങ്ങൾ മുതൽ അഞ്ചോ പത്തോ തൊഴിലാളികളെ മാത്രം പണിക്കു നിർത്തുന്ന ചെറുകിടവർക്ക് ഷാപ്പുകൾ വരെ ഇതിൽ പെടും. ഭിലായി ഉരുക്കുനിർമ്മാണശാലയിൽനിന്ന് ദിവസേന പത്തുലക്ഷം രൂപ വില വരുന്ന സാധനങ്ങളെങ്കിലും ഇവർ മോഷ്ടിക്കാറുണ്ട്.

നാനാതരം അനുബന്ധ സ്ഥാപനങ്ങളിലെ ജീവനക്കാരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് നിയോഗി പ്രഗതിശീൽ എഞ്ചിനീയറിങ് ശ്രമിക് സംഘം എന്ന പുതിയൊരു ട്രേഡ് യൂണിയൻ ആരംഭിച്ചു. യൂണിയന് അംഗീകാരം ലഭിക്കാനായും മിനിമം വേതനത്തിന്നു വേണ്ടിയും ജോലി സമയം എട്ടുമണിക്കാറായി കുറക്കുന്നതിന്നു വേണ്ടിയും തൊഴിലാളികൾ സമരം ചെയ്തു. മുതലാളിമാർക്ക് ഇതൊന്നും സഹിക്കാനാവുമായിരുന്നില്ല.

1991 സെപ്തംബർ 27ന് റായിപൂരിൽ ഒരു പര്യടനം കഴിഞ്ഞ് പാതിരയോടടുത്താണ് നിയോഗി വീട്ടിലെത്തിയത്. ക്ഷീണിച്ചവശനായി ഗാഢനിദ്രയിലാണ്ടു കിടക്കുന്ന നിയോഗിയെ ജനലിൽ കൂടിയാണ് ഒരാൾ വധിച്ചത്. പിറ്റേന്നു നടന്ന നിയോഗിയുടെ ശവസംസ്കാര ചടങ്ങുകളിൽ ഒരു ലക്ഷം പേരെങ്കിലും പങ്കെടുത്തിരുന്നു.

നിയോഗിയുടെ ചിതാഭസ്മം ഇനിയും നദിയിലൊഴുക്കിയിട്ടില്ല. ഘാതകന്മാർ ശിക്ഷിക്കപ്പെടുന്നതുവരെ അതു സൂക്ഷിക്കുമെന്ന് തൊഴിലാളികൾ പറയുന്നു. അവർ ദിവസവും ചിതാഭസ്മത്തിന്നു മുന്നിൽ വിളക്ക് തെളിയിക്കുന്നുണ്ട്.

പിറ്റേ ദിവസംതന്നെ ഈ കേസ് സി.ബി.ഐ. ക്ക് വിടുകയുണ്ടായി. പൽത്താൻ മല്ല എന്നൊരാളാണ് ഘാതകനെന്ന് സി.ബി.ഐ. കണ്ടുപിടിച്ചു. കൊലപാതകം നടത്താൻ ഒന്നരലക്ഷം നൽകിയത് മൂൽചന്ദ് ഷാ, ചന്ദ്രകാന്ത് ഷാ എന്നീ രണ്ടു മുതലാളിമാരാമെന്നും അവർ കണ്ടെത്തി.

ആറുകൊല്ലം നീണ്ടുനിന്ന വിചാരണക്കൊടുവിൽ പൽത്താൻ മല്ലയെ വധശിക്ഷക്കും മറ്റുരണ്ടുപേരേയും ജീവപര്യന്തം തടവിന്നും ശിക്ഷിക്കുകയുമുണ്ടായി. എന്നാൽ തെളിവില്ലെന്നു പറഞ്ഞ് ഹൈക്കോടതി എല്ലാവരേയും വിട്ടയച്ചു. പ്രശ്നം ഇപ്പോൾ സുപ്രീം കോടതിയിലാണ്.

ഇന്ന് ഛത്തീസ്ഗഡിൽ ശങ്കർ ഗുഹ നിയോഗിയില്ല. അദ്ദേഹത്തിന്റ അഹിംസാത്മക സമരപരിപാടികളുമില്ല. പകരം കയറി വന്നിരിക്കുന്നത് മാവോയിസമാണ്! ❑



കവർസ്റ്റോറി

# പോലീസും ജനങ്ങളും

- ടി.വി. അച്ചുതവാര്യർ -



കിനാലൂരിലെ നാലുവരിപ്പാതയുടെ സർവ്വെ തടഞ്ഞ സമരക്കാരെ പോലീസ് ലാത്തിച്ചാർജ് ചെയ്യുന്നു.

ഓരോ ജനതക്കും അവരർഹിക്കുന്ന ഗവർമ്മേണ്ടിനെ കിട്ടും എന്നൊരു ചൊല്ലുണ്ട്. ഭരണഘടനയിൽ സോഷ്യലിസം, മതേതരത്വം, ജനാധിപത്യം എന്നൊക്കെ എഴുതിവച്ചതുകൊണ്ട് പ്രത്യേകിച്ചൊരു കാര്യവുമില്ല. സ്വന്തം ജീവിതത്തിൽ ഇതൊന്നും പാലിക്കാനോ ശീലിക്കാനോ ജനങ്ങൾ തയ്യാറാകാത്ത പക്ഷം ഇതൊക്കെ ഏട്ടിലെ പശുവാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

ഇന്ത്യയിലെ ഏതെങ്കിലുമൊരു പാർട്ടി ജനാധിപത്യപരമായി പ്രവർത്തിക്കുന്നുണ്ടോ? ഇല്ല. ബൂത്ത് കമ്മിറ്റിയുടെ പ്രസിഡണ്ടിനെപ്പോലും "ഹൈക്കമാൻഡ്" നിയമിക്കണം! ഇങ്ങനെയുള്ള പാർട്ടികളുള്ള ഒരു നാട്ടിൽ നമുക്കെന്തു ജനാധിപത്യമാണ് പ്രതീക്ഷിക്കാൻ കഴിയുക?

മൊറാർജി ദേശായ് എന്ന പേരിൽ ഒരു മുരടൻ ധനകാര്യമന്ത്രി ഇന്ത്യയിലുണ്ടായിരുന്ന കാര്യം പുതിയ തലമുറക്കറിവുണ്ടാകില്ല. അദ്ദേഹം ആദായനികുതി ചുമത്തിയിരുന്നത് ആളുകളുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. കുറഞ്ഞ വരുമാനക്കാർക്ക് ആദായ നികുതി ചുമത്തില്ല. അതിൽ കൂടുതൽ വരുമാനമുള്ളവർക്ക് അധികവരുമാനത്തിന്റെ പത്തു ശതമാനം നികുതി ചുമത്തും; അതിന്നപ്പുറം 20 ശതമാനം. അങ്ങനെ കൂടിക്കൂടി കോടീശ്വരന്മാർക്ക് 97.5 ശതമാനം ആദായനികുതി ചുമത്തുമായിരുന്നു. സോഷ്യലിസ്റ്റ് സമീപനം എന്ന് ഇതിനെപ്പറ്റി പറയാം. വരുമാനത്തിലെ അസമത്വം ലഘൂകരിക്കാനുള്ള ഒരു മാർഗ്ഗമായിരുന്നു അന്നൊക്കെ നികുതി. ഇന്നോ? ഒരു ലക്ഷം വരുമാനമുള്ളവന്നും ഒരു കോടി വരുമാനമുള്ളവന്നും നൂറു കോടി വരുമാനമുള്ളവന്നും മുപ്പതു ശതമാനമേ നികുതിയുള്ളൂ. ഒരു പക്ഷെ അതി

നേയും ഒരുതരം സോഷ്യലിസമായി കാണാം.

കുറച്ചുകാലം മുമ്പ് ഒരു ഇന്ത്യക്കാരന്റെ യാത്രാവിവരണം വായിച്ചതോർക്കുന്നു. നഗരം ചുറ്റി നടന്നു കാണുന്നതിന്നിടയിൽ പോക്കറ്റിൽ അവശേഷിച്ച ഒരു കടലാസ് കഷ്ണം അദ്ദേഹം ചുരുട്ടിക്കൂട്ടി കാനയിലിട്ടു. അദ്ദേഹത്തിന്റെ പിന്നാലെ വന്നിരുന്ന ഒരു യുവതി അതു കണ്ടു; അവർ ആ കടലാസ് ചുരുൾ പെറുക്കിയെടുക്കുകയും ഇന്ത്യക്കാരനായ യാത്രികനോട് അനാവശ്യ വസ്തുക്കൾ റോഡിലിടരുതെന്ന് ഉപദേശിക്കുകയും ചെയ്തു. അന്നത് വായിച്ചപ്പോൾ കോരിത്തരിച്ചു പോയി. ഇതുകഴിഞ്ഞിട്ട് കാൽനൂറ്റാണ്ട് പിന്നിട്ടുവെങ്കിലും, നമ്മുടെ റോഡുകളിലേക്കൊന്നു നോക്കൂ. സർവ്വത്ര ചപ്പും ചവറുമാണ് ഇന്നും. പലേടത്തും കാൽ കുത്താൻ തന്നെ അറപ്പുതോന്നും. യൂറോപ്യന്മാരുടെ ആ സംസ്കാരം ഉൾക്കൊള്ളാൻ നമുക്കൊരു നൂറു കൊല്ലം കഴിഞ്ഞാലും സാധിക്കുമെന്നു തോന്നുന്നില്ല.

ലോകത്തിലെ എല്ലാ രാജ്യങ്ങളിലും പോലീസുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ പോലീസിൽ സേവനമനുഷ്ടിക്കുന്നത് അഭിമാനകരമായ ഒരു കാര്യമാണ്. ഇന്ത്യയിലോ? മറ്റൊരു തൊഴിലിന്നും കൊള്ളാത്തവരെ അടിച്ചുവാരിക്കൂട്ടി തട്ടിക്കൂട്ടിയുണ്ടാക്കുന്നതാണ് ഇന്ത്യൻ പോലീസ്. അവർ കാണിക്കാത്ത അതിക്രമങ്ങളില്ല; പരാക്രമങ്ങളില്ല. കാക്കിയണിഞ്ഞ ക്രിമിനലുകൾ എന്നു കോടതികളെക്കൊണ്ടുപോലും പറയിപ്പിച്ചവരാണവർ. മേധാവിമാരുടേയും ഗവർമ്മേണ്ടിന്റെ തന്നെയും പൂർണ്ണമായി പിന്തുണയുണ്ടായിട്ടും പോലീസിന്നെതിരെ എത്രയെത്ര കേസുകളാണിവിടത്തെ കോടതികളിൽ വരുന്നത്! എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു? ഭരണഘടനയിൽ പറയുന്ന "ജനങ്ങളാകുന്ന നമ്മളു"ണ്ടല്ലൊ ആ നമ്മളുടെ കൊള്ളരുതായ്മകൾ തന്നെയാണ് നമ്മുടെ പോലീസിലും പ്രതിഫലിപ്പിച്ചു കാണുന്നത്.

ഇന്ത്യയിൽ പോലീസ് എന്നൊരു സംവിധാനത്തിന്ന് ആദ്യമായി രൂപം നൽകിയത് ബ്രിട്ടീഷുകാരാണ്. ബ്രിട്ടീഷ് ഭരണ സംവിധാനത്തെ എതിർക്കുന്നവരെ അടിച്ചമർത്തുക എന്നതുമാത്രമായിരുന്നു അതിന്റെ ഉദ്ദേശം. അതിന്നവർ സമൂഹത്തിൽനിന്ന് ഏറ്റവും കൊള്ളരുതാത്തവരെത്തന്നെ റിക്രൂട്ട് ചെയ്തു. സവർണ്ണജീവികൾ, അഥവാ ആഢ്യന്മാർ, ഇത്തരം പണിക്ക് വേഷം കെട്ടുകയില്ലല്ലൊ. 1947വരെ ഇതായിരുന്നു ഇവിടത്തെ സ്ഥിതി.

1947ന്നു ശേഷം ഈ സംവിധാനത്തെയാകെ അഴിച്ചുകൂട്ടേണ്ടതായിരുന്നു. ക്രമസമാധാന പാലനത്തിന്നും നിയധ്വംസനം തടയുന്നതിന്നുമുള്ള മാന്യമായൊരു സേനാവിഭാഗമായി പോലീസിനെ രൂപാന്തരപ്പെടുത്തേണ്ടതായിരുന്നു. പക്ഷെ ഒന്നും സംഭവിച്ചില്ല. പോലീസധികാരം സംസ്ഥാനങ്ങൾക്ക് പങ്കിട്ടുകൊടുത്തു. സംസ്ഥാനങ്ങളിൽ അധികാരത്തിലേറിയവർക്ക്, ആ അധികാരം സംരക്ഷിക്കാൻ ഒരു സേനാവിഭാഗം ആവശ്യമായിരുന്നു. കാരണം ജനാധിപത്യത്തിലോ ആദർശങ്ങളിലോ രാഷ്ട്രീയത്തെ അരക്കിട്ടുറപ്പിക്കാൻ ആർക്കും ക്ഷമയുണ്ടായിരുന്നില്ല. അതുകൊണ്ട് ബ്രിട്ടീഷുകാർക്കുവേണ്ടി ദാസ്യവേല നടത്തിയിരുന്ന പോലീസുകാർ പുതിയ ഭരണാധികാരികൾക്കുവേണ്ടി ദാസ്യവേല നടത്തുന്നവരായി മാറി. പോലീസിന്നെ ദുരുപയോഗപ്പെടുത്താത്ത ഒരു പാട്ടിയും ഇന്ത്യയിലില്ല. രാഷ്ട്രീയാധികാരങ്ങൾക്കെല്ലാം അതീതമായി നിൽക്കേണ്ട സി.ബി.ഐ. യെപ്പോലും ഇവിടെ ദുരുപയോഗപ്പെടുത്തുന്നതായി നാം കാണുന്നു. ചുരുക്കി പറഞ്ഞാൽ ഭരണാധികാരികളുടെ സംരക്ഷണ സേന എന്നതിൽ കവിഞ്ഞ ഒരു സ്ഥാനവും പോലീസിന്നില്ലാതാകുന്നു. ➡



# ഇന്ത്യൻ സോഷ്യലിസ്റ്റ് സ്വപ്നം കാതങ്ങളോളം അകലെ

- വി.ആർ. കൃഷ്ണയ്യർ -

1984 ഡിസംബർ രണ്ടാം തിയ്യതി ഭോപ്പാലിൽ നടന്ന കൂട്ടക്കൊല ഒരു അമേരിക്കൻ ബഹുരാഷ്ട്ര കമ്പനി ഇന്ത്യക്കാരുടെ ജീവൻകൊണ്ട് പന്തുതട്ടിയതിന്റെ അനന്തര ഫലമായിരുന്നു. ഏതാണ്ട് 20,000 പേരെ വിഷവാതകമേൽപ്പിച്ച് കൊന്നു. എന്നിട്ടും, 26 കൊല്ലം നീണ്ടുനിന്ന ഒരു വിചാരണക്കൊടുവിൽ ഘാതകർക്ക് രണ്ടുകൊല്ലത്തെ കഠിന തടവാണ് ശിക്ഷയായി ലഭിച്ചത്. ഒരു ഭ്രാന്തൻ ഭാരതത്തിൽ മാത്രമേ ഇത്തരത്തിലൊന്ന് സംഭവിക്കൂ.

അമേരിക്കൻ പ്രസിഡണ്ടും വെള്ളക്കാരുടെ ലോകവും തവിടൻ ഇന്ത്യയുടെ പ്രധാനമന്ത്രിയും താലിബാന്മാരുടേയും മാവോയിസ്റ്റ് നക്ഷലുകളുടേയും ഭീകരപ്രവർത്തനങ്ങളെപ്പറ്റി തൊണ്ട പൊട്ടുമാറുച്ചത്തിൽ അലറുന്നുണ്ട്. എന്നാൽ ഇന്ത്യയിലെ ഒരു പിന്നണി മേഖലയിൽ ഒരമേരിക്കൻ കമ്പനി നട

---

ഈ ദു:സ്ഥിതിക്കറുതിവരുത്താൻ നമുക്ക് കഴിയുന്നില്ലെങ്കിൽ, നമ്മുടെ ഭാവി ഇരുളടഞ്ഞതായിരിക്കുമെന്ന് പറയാൻ അശേഷം സംശയിക്കേണ്ടതില്ല. പോലീസിനെ രാഷ്ട്രീയ നിയന്ത്രണത്തിൽനിന്നും വിമുക്തമാക്കുകയായിരിക്കണം ഇതിന്റെ ഒന്നാമത്തെ പടി. ഏതുപാർട്ടി അധികാരത്തിൽ വന്നാലും ക്രമ-സമാധാന പാലനത്തിന്ന് പോലീസ് കൂടിയേ തീരൂ. അതിനാൽ അവരെ സ്വതന്ത്രരായി വിടുക. പോലീസിനെ അനുസരിക്കുക എന്നത് മോശമാണെന്ന ധാരണ ഉപേക്ഷിക്കലാണ് രണ്ടാമത്തെ പടി. പോലീസ് എന്നത് ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ സേനയാണ്. പോലീസിന്നെ ധിക്കരിക്കുമ്പോൾ, നാം നമ്മെത്തന്നെയാണ് ധിക്കരിക്കുന്നതെന്ന് ഓർക്കുക. നമ്മൾ മാന്യമായി പെരുമാറാത്തപക്ഷം പോലീസും മാന്യമായി പെരുമാറില്ലെന്ന കാര്യവും ഓർത്തിരിക്കണം.

നിയമലംഘനം സ്വാതന്ത്ര്യ സമരത്തിലൂടെ നമുക്കു പൈതൃകമായി ലഭിച്ച സ്വഭാവമാണ്. പക്ഷെ പോലീസിനെ ധിക്കരിക്കലല്ല നിയമലംഘനം. നിയമലംഘനത്തിനുള്ള ശിക്ഷ സ്വീകരിക്കാൻ തയ്യാറായിക്കൊണ്ടാണ് ഗാന്ധിജി നിയമലംഘനം നടത്താറുള്ളത്. ഇന്നോ? ഓരോ പാർട്ടിയും അവരുടെ അരിശം തീർക്കാനുള്ള വേദിയായി പോലീസിനെ കരുതുന്നു. "മാർച്ചു"കളെല്ലാംതന്നെ ചെന്നു കലാശിക്കുക പോലീസിന്റെ നെഞ്ചത്താണ്. എന്നെപ്പോലേയും നിങ്ങളെപ്പോലേയും കുഞ്ഞുകുട്ടി പരാധീനങ്ങളുള്ള മനുഷ്യർതന്നെയാണ് പോലീസുമെന്ന കാര്യം മറക്കാതിരിക്കുക.

നാട്ടിലുടനീളം പോലീസ് കാണിക്കുന്ന അതിക്രമങ്ങൾ കാണുമ്പോൾ അവരെപ്പറ്റി ഒരു നല്ലവാക്കു പറയാൻ വിഷമം തോന്നും. പക്ഷെ ഇതൊക്കെ നാംതന്നെ വരുത്തിക്കൂട്ടുന്ന അതിക്രമങ്ങൾ തന്നെയാണ്. പോലീസിന്നെ സ്വതന്ത്രമായി പ്രവർത്തിക്കാൻ വടുകമാത്രമാണ് ഇതിന്നൊരു പരിഹാരം. ഓർക്കുക: ഒരു പരിധി വിട്ടാൽ പോലീസും പോലീസല്ലാതാകും. അത്തരമൊരു ദിര്യോഗം-ആഫ്രിക്കൻ സ്ഥിതി വിശേഷം-നാമാരും ആഗ്രഹിക്കുന്നുണ്ടാവില്ല. ഇനിയും നമുക്ക് നന്നാകാൻ കഴിയും; നമ്മുടെ പോലീസിനെ നന്നാക്കാനും കഴിയും. അതിന്നാരെങ്കിലും മുൻകയ്യെടുക്കണമെന്നേയുള്ളൂ. ❑

ത്തിയ കൂട്ടക്കൊലയുടെ കാര്യം വന്നപ്പോൾ, ഒരു കോടതിയിൽനിന്നൊരു വിധി സമ്പാദിക്കാൻ 26 കൊല്ലങ്ങൾ വേണ്ടിവന്നു.

ഇന്ത്യക്ക് ഒരമേരിക്കൻ കോളനിയിൽ കവിഞ്ഞ സ്ഥാനമൊന്നുമില്ല. അതുകൊണ്ടുതന്നെ ഈ വിഷവാതക പ്രപയോഗത്തെ ഒരു നിസ്സാര കുറ്റമായേ ഗണിക്കുന്നുള്ളൂ. ഇന്ത്യയിലിന്നും നിലവിലുള്ള വിക്ടോറിയൻ കാലഘട്ടത്തിലെ മെക്കോളെയുടെ നീതിന്യായമാണിത്. ഭരണഘടനയിൽ പറയുന്ന "ജനങ്ങളാകുന്ന നമ്മളുടെ" ജീവന്റെ കാര്യത്തിൽ പാർലിമെന്റിന്നോ മന്ത്രിസഭക്കോ വലിയ വേവലാതിയൊന്നുമില്ല. ജനങ്ങളെ എന്തു ചെയ്യുന്നുവെന്നത് അവർക്കൊരു പ്രശ്നവുമല്ല. കോടതികളാകട്ടെ, ഇതിന്റെ മറ്റൊരു പതിപ്പാണ്. സത്വരമൊരു വിധി പ്രഖ്യാപിക്കുക എന്ന തങ്ങളുടെ മൗലിക ധർമ്മത്തിന്റെ കാര്യത്തിൽ അവർ നിസ്സംഗരാണ്. ഒച്ചപ്പാടുണ്ടാക്കുന്നതു കഴിഞ്ഞ് പൗരന്മാരുടെ ജീവനെ സംരക്ഷിക്കാനുള്ള കൃത്യത്തെപ്പറ്റി അന്വേഷണം നടത്തി കോടതിയിൽ കേസെത്തിക്കുന്നതിൽ വന്ന കാലതാമസമാകട്ടെ അക്ഷന്തവ്യവുമാണ്.

ശരിയായ ജഡ്ജിമാരെ നിയമിക്കുകയും നീതിപൂർവ്വമായ നടപടിക്രമം പാലിക്കുകയും വിവേകപൂർവ്വമായ നിയമനിർമ്മാണം നടത്തുകയും ഗവർമ്മേണ്ടിന്ന് സ്വാതന്ത്ര്യവും നീതിബോധവും ഉണ്ടാവുകയുമാണെങ്കിൽ നമ്മുടെ കോടതികൾ നീതിപൂർവ്വം പ്രവർത്തിക്കും.

പക്ഷെ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ഈ സോഷ്യലിസ്റ്റ് ജനാധിപത്യം തീരാശാപമായി തുടരുകയാണ്. ഈ വൈരുധ്യത്തിന്ന് അറുതി വരുത്തണം. വേദനിക്കുന്നവരുടെയെല്ലാം കണ്ണീരൊപ്പുക എന്നതായിരുന്നു രാഷ്ട്രപിതാവിന്റെ അഭിലാഷം. അതിന്നുവേണ്ട മനുഷ്യവിഭവ സമ്പത്ത് നമുക്കുണ്ട്. പക്ഷെ ഇന്ത്യൻ പരമാധികാരത്തിലുള്ള വിശ്വാസം, ഭോപ്പാലിൽ വഷളായ വിധത്തിൽ ധ്വംസിക്കപ്പെട്ടിരിക്കുകയാണ്.

വിശപ്പുകൊണ്ടവശരായി ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ചെറുത്തുകൊണ്ടിരുന്ന ഓരോ ദരിദ്രനേയും കോൺഗ്രസ്സുകാരനായി മുദ്രയടിക്കുകയായിരുന്നു പണ്ടത്തെ പതിവ്. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം ആ കോൺഗ്രസ്സുകാരൻ അധികാരത്തിൽ വന്നപ്പോൾ വിശപ്പുമൂലം പൊരുതുന്ന ഓരോരുത്തനേയും കമ്യൂണിസ്റ്റായി മുദ്രയടിച്ചു. ചില സംസ്ഥാനങ്ങളിലെങ്കിലും കമ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നിട്ടും ഒട്ടേറെ പേർ വിശന്നു പൊരിഞ്ഞു ബഹളമുണ്ടാക്കിയപ്പോൾ, ആ പാവങ്ങളെ നക്ഷലുകളായി മുദ്രയടിച്ചു.

ഇന്ത്യക്കൊരു ഭാവിയുണ്ടോ? ഉണ്ട്. മാർക്സിന്റേയും ഗാന്ധിജിയുടേയും ആദർശങ്ങളെ ഉൾക്കൊള്ളുന്ന മഹത്തായ സാംസ്കാരിക പാരമ്പര്യവും മഹനീയമായ നമ്മുടെ ഭരണഘടനയും സാക്ഷാൽക്കരിക്കാൻ സാധിക്കുന്ന പക്ഷം ഇന്ത്യക്കൊരു ഭാവിയുണ്ട്. അത്തരമൊരു വീക്ഷാഗതി നമുക്കുണ്ടോ? ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന കരുക്കൾ ഒരു ദൗത്യനിർവ്വഹണ മനോഭാവത്തോടെ പ്രവർത്തിക്കുമോ? അത്തരമൊരഭിലാഷം നമ്മുടെ ജഡ്ജിമാർക്കുണ്ടോ? ഇന്ത്യ ഇന്നും വിക്ടോറിയൻ സാമ്രാജ്യത്വ നാടുവാഴിത്ത യുഗത്തിൽതന്നെ അവശേഷിക്കുകയാണെന്ന് ഭോപ്പാൽ വിധി വ്യക്തമാക്കുന്നു. നമ്മുടെ സോഷ്യലിസ്റ്റ് സ്വപ്നങ്ങളിൽ നിന്നെല്ലാം കാതങ്ങളോളം അകലെയാണിത്.

ഭോപ്പാൽ വിധിയുടെ അത്യസാധാരണമായ ഒരു സവിശേഷത ശ്രദ്ധിക്കേണ്ടതുണ്ട്. യൂണിയൻ കാർബൈഡ് സംഭവത്തിൽ ഉൾപ്പെട്ട പരമോന്നതനായ ഉദ്യോഗസ്ഥൻ, അതായത് വാറൻ ആൻഡേഴ്സൺ, ചിത്രത്തിലൊരിടത്തുപോലും പ്രത്യക്ഷപ്പെട്ടുന്നില്ല എന്നതാണത്. ഇതൊരു നീതിന്യായാഭാസമാണ്. പ്രധാന ക്രിമിനലിനെ കയ്യെത്താത്ത ദൂരത്തു നിർത്തിക്കൊണ്ട് ചില നിസ്സാരന്മാരെ വിചാരണ ചെയ്യുന്നത് വിഷവാതക ബാധക്കിരയായ ലക്ഷങ്ങളെ പരിഹസിക്കലാണ്. അധികാരശക്തിയുള്ള വൻ ക്രിമിനൽ, നടപടികൾക്കെല്ലാം അതീതനാകുമ്പോൾ നിയമംതന്നെ അശക്തമായിത്തീരുന്നു. ഒരമേരിക്കൻ ക്രിമിനൽ ഇന്ത്യൻ കോടതിയുടെ അധികാര സീമക്കപ്പുറമാണോ? ഇത്തരം വിവേചനം നീതിന്യായ സംവിധാനത്തെതന്നെ പരിഹാസ്യമാക്കുന്നു.

26 കൊല്ലം നിരങ്ങി നീങ്ങിയിട്ടും സുപ്രീംകോടതി എന്തു ചെയ്യുകയായിരുന്നു. മൗലികാവകാശ ധ്വംസനാത്മകമായ കാര്യങ്ങൾ നേരിട്ട് ഏറ്റെടുക്കാമെന്നിരുന്നിട്ടും ഇത്രയേറെ ജഡ്ജിമാരുള്ള സുപ്രീം കോടതി എന്തു ചെയ്തു. കേസ് വേഗം വിസ്തരിക്കാനായി ഇന്ത്യാഗവർമ്മേണ്ട് എന്തുകൊണ്ട് കോടതിയെ സമീപിച്ചില്ല? കോടതി വിധിച്ച രണ്ടുകൊല്ലത്തെ കഠിന തടവിൽ താൻ സംതൃപ്തനല്ലെന്ന് നിയമകാര്യമന്ത്രി ഇപ്പോൾ പറയുന്നു. കഴിഞ്ഞ 26 കൊല്ലക്കാലത്ത് ഇന്ത്യൻ പീനൽ കോഡിലെ 300 മുതൽ 304 വരെയുള്ള വകുപ്പുകളിലൊന്നും ഭേദഗതി ചെയ്തില്ല. കൂടുതൽ കഠിനമായ ശിക്ഷ നൽകാനൊരു വ്യവസ്ഥയും ഉണ്ടാക്കിയില്ല. ഇതുതന്നെ പാർലിമെന്റിന്റേയും മന്ത്രിസഭയുടേയും കർത്തവ്യ നിർവ്വഹണത്തിലെ പരാജയമല്ലേ? ഈ കാലഘട്ടത്തിന്നിടയിൽ അധികാരത്തിൽ വരികയും പോകുകയും ചെയ്ത പാർട്ടികളെല്ലാം തന്നെ ശിക്ഷാർഹമായ അവഗണന എന്ന കുറ്റം ചെയ്തവരാണ്.

വിഷവാതക ദുരന്തത്തിന്നിടയായവർക്ക് നീതിപൂർവ്വമായ നഷ്ടപരിഹാരം നൽകിയിട്ടില്ല. യൂണിയൻ കാർബൈഡ് ഭോപ്പാലിൽ ഒരു പടുകൂറ്റൻ ആസ്പത്രി പണിതിട്ടിട്ടുണ്ട്. പക്ഷെ അത് പാവങ്ങൾക്കുള്ളതല്ല; പണക്കാർക്കുള്ളതാണ്. പാവങ്ങളുടെ മൃതദേഹങ്ങൾക്കു മീതെയാണത് പണിതതെങ്കിലും പാവങ്ങൾക്ക് അങ്ങോട്ട് കടക്കാനാവില്ല. സുപ്രീം കോടതി സ്വന്തം അലവൻസിന്റേയും ആനുകൂല്യങ്ങളുടേയും ബഹളത്തിൽ പെട്ടുപോയതുകൊണ്ടാണെന്നു തോന്നുന്നു, വിഷവാതക ക്കേസ് ഏറ്റെടുത്ത് കയ്യോടെ ഒരു തീരുമാനത്തിലെത്താൻ മുതിർന്നതുമില്ല.

അമേരിക്കയെ സംബന്ധിച്ചിടത്തോളം വാറൻ ആൻഡേഴ്സൺ ഒരടഞ്ഞ അധ്യായമാണ്. ലോകത്തിലെ ഏറ്റവും പ്രബലമായ അണ്വായുധ രഷ്ട്രത്തിന്ന് അതിന്റേതായ വിചിത്രമായ നീതിബോധമുണ്ട്. അമേരിക്കൻ കൊളോണിയലിസത്തെ ചെറുക്കാൻ അത് ഇന്ത്യൻ ജനതക്ക് ധൈര്യം നൽകേണ്ടതാണ്. അമേരിക്കക്കാർ ഇന്ത്യൻ നിയമങ്ങൾക്കെല്ലാം അതീതരാണ്. തവിടൻ ഇന്ത്യ വെള്ളക്കാരുടെ നീതിബോധംകൊണ്ട് സംതൃപ്തരാകണം. ബഹുരാഷ്ട്ര കുത്തകകളെ ശിക്ഷിക്കാൻ അവർക്കേ അധികാരമുള്ളൂ.

ഐക്യരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തെ പിടിച്ച് ആണയിടുന്നവരാണ് അമേരിക്കക്കാർ. പക്ഷെ കാര്യങ്ങൾ സ്വന്തം വരുതിയിൽ വരുത്താൻ അവരൊരു അണുശക്തി സന്ധിയെ ഉപയോഗിക്കുന്നു. പോടാപുല്ലേ എന്നു പറയാനുള്ള തന്റേടം ഇന്ത്യക്കില്ല. ആൻഡേഴ്സൻ ഒരു അമേക്കക്കാരനാണ്; യൂണിയൻ കാർബൈഡും അമേരിക്കനാണ്. ഭൂമിയിലെ ഏഷ്യൻ ഇന്ധനമാകെ അതിന്റെ കല്പനക്ക് വിധേയമാണ്. ഇന്ത്യൻ നിയമങ്ങൾ ഇവിടത്തെ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും മാത്രമേ ബാധകമാകൂ; അതിന്നപ്പുറം പോകില്ല.

(ഹിന്ദുവിൽനിന്ന് സംഗ്രഹിച്ചത്) ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-06-2010

# അതിരപ്പിള്ളി വൈദ്യുതി പദ്ധതി ഇല്ല, തീർച്ച

**അ**തിരപ്പിള്ളി ജലവൈദ്യുതി പദ്ധതി നടപ്പാക്കുന്നത് വിനാശകരമായിത്തീരുമെന്ന് കേന്ദ്ര വനം-പരിസ്ഥിതി കാര്യമന്ത്രി ജയറാം രമേശ് പത്രക്കാരുടെ അന്വേഷണത്തിന്ന് മറുപടി നൽകി. പദ്ധതിക്ക് ഉടനെ അനുമതി നൽകുമെന്ന് ഒരു കേന്ദ്രമന്ത്രി രണ്ടു ദിവസം മുമ്പ് പ്രസ്താവിച്ചിരുന്നു. ഇതുളവാക്കിയ ആശയക്കുഴപ്പം തീർക്കാനാണ് പത്രക്കാർ മന്ത്രി രമേശുമായി ബന്ധപ്പെട്ടത്.




മന്ത്രി ജയറാം രമേശ്

അതിരപ്പിള്ളി വനമേഖല മറ്റൊരു സൈലന്റ് വാലിയാണെന്നും, അത് സംരക്ഷിച്ചേ തീരൂ എന്നും മന്ത്രി പ്രസ്താവിച്ചു. പത്ര റിപ്പോർട്ടുകളിൽ പറയുന്നതുപോലെ ഒരു കേന്ദ്രമന്ത്രിയും അതിരപ്പിള്ളി കാര്യം സംബന്ധിച്ച് തന്നോട് സംസാരിച്ചിട്ടില്ലെന്ന് മന്ത്രി രമേശ് പറഞ്ഞു. "ആ റിപ്പോർട്ട് നൂറുശതമാനവും നുണയാണ്. പദ്ധതിക്ക് വേഗംതന്നെ അനുമതി നൽകുമെന്ന് ഞാൻ ആരോടും പറഞ്ഞിട്ടില്ല. അതിരപ്പിള്ളി കാര്യം സംബന്ധിച്ച് ഞാനെന്റെ നിലപാട് വ്യക്തമാക്കിയിട്ടുള്ളതാണ്" എന്ന് അദ്ദേഹം പറഞ്ഞു.

പദ്ധതിക്കനുമതി ലഭിക്കാനായി കേരള സ്റ്റേറ്റ് എലക്ട്രിസിറ്റി ബോർഡ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടല്ലോ എന്നു ചോദിച്ചപ്പോൾ, അതൊക്കെ നടപടി ക്രമമനുസരിച്ച് കൈകാര്യം ചെയ്യുമെന്നായിരുന്നു മറുപടി.

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി പുഴയിൽ അണകെട്ടി 163 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ഒരു പദ്ധതി അനുവദിക്കാനാണ് കേരളം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. മുൻ ഗവർമ്മേണ്ടിലെ പരിസ്ഥിതി കാര്യമന്ത്രി 2007ൽ പദ്ധതിക്ക് അനുമതിയും നൽകിയിരുന്നു. എന്നാൽ നാനാവിധ പരിസ്ഥിതി സംരക്ഷണ സംഘടനകളുടെ പ്രതിഷേധത്തെത്തുടർന്ന് ആ അനുമതി 2007ൽ റദ്ദാക്കുകയും ചെയ്തിരുന്നു.

മന്ത്രി രമേശിന്റെ നിലപാടിനെ സംസ്ഥാന ഗവർമ്മേണ്ടും മാർക്സിസ്റ്റ് പാർട്ടിയും എതിർത്തു വരികയായിരുന്നു. വൈദ്യുതി കാര്യമന്ത്രി എ.കെ. ബാലൻ മന്ത്രി രമേശിനെ നിശിതമായി വിമർശിച്ചു വരികയായിരുന്നു. എന്നാൽ വനംകാര്യമന്ത്രി ബിനോയ് വിശ്വം അതിരപ്പിള്ളി പദ്ധതിക്കെതിരായ ഒരു നിലപാടാണ് സ്വീകരിച്ചു വരുന്നത്. കേരള ബയോഡൈവേഴ്സിറ്റി ബോർഡും പദ്ധതിയെ എതിർത്തു വരികയായിരുന്നു.

ഇതിന്നിടയിൽ കേന്ദ്ര ഊർജ്ജകാര്യ മന്ത്രി ഫറൂഖ് അബ്ദുള്ളയെ കണ്ട പത്രക്കാരോട്, അതിരപ്പിള്ളി കാര്യം താൻ കേന്ദ്ര പരിസ്ഥിതി കാര്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നും, വേഗം ഒരു തീരുമാനമുണ്ടാകുമെന്നും പറഞ്ഞിരുന്നു. ഇതിനെ പിടിച്ചാണ് പദ്ധതിക്കുടനെ അനുമതി കിട്ടുമെന്ന് മന്ത്രി അബ്ദുള്ള പറഞ്ഞതായി പത്രങ്ങളിൽ വാർത്ത വന്നത്. ❏

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.